കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തൃക്കൂർ ഗ്രാമപഞ്ചായത്ത്

2017-18

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി6)1840/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680 020
ഫോൺ : 0487-2331249
ഇ-മെയിൽ : dotst.ksad@kerala.gov.in
തീയതി: 04.12.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)
തൃക്കൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തൃക്കൂർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി6)1840/2018 തിയ്യതി : 04.12.2018

## തൃശ്ശൂർ ജില്ലയിലെ തൃക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ തൃക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2017 മുതൽ 13.09.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സുനിൽകുമാർ.കെ.വി., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.09.2018 മുതൽ 28.09.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | റഫി ജോൺ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) |
| | ശിവദാസൻ എ.കെ. | അസി.ഓഡിറ്റ് ഓഫീസർ |
| | ചൈതന്യ പുരുഷോത്തമൻ | അസി.ഓഡിറ്റ് ഓഫീസർ |
| | സുനിൽകുമാർ കെ.സി. | സീനി.ഗ്രേഡ് ഓഡിറ്റർ |
| | ധന്യ എ.സുരേന്ദ്രൻ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.പ്രേമ കുട്ടൻ | 01.04.17 മുതൽ 31.03.18 വരെ |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീ.കെ.സി. സന്തോഷ് | 01.04.17 മുതൽ 31.03.18 വരെ |
| ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീ.അജിത്ത്.എം.എം | 01.04.17 മുതൽ 31.03.18 വരെ |
| വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീമതി.ഗ്രേസി വർഗ്ഗീസ് | 01.04.17 മുതൽ 31.03.18 വരെ |
| ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീമതി.സുന്ദരി മോഹൻദാസ് | 01.04.17 മുതൽ 31.03.18 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരു വിവരം

| ഉദ്യോഗപേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | സി.ജി.ജയകൃഷ്ണൻ | 01.04.17 മുതൽ 31.03.18 വരെ |
| കൃഷി ഓഫീസർ | സതീശൻ.കെ.കെ | 01.04.17 മുതൽ 31.03.18 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | അനു.പി.പ്രഭ | 01.04.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ഷീന.കെ.വാസു | 01.04.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.അനീസ.വി.അലി | 01.04.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ.സ്മിത.ആർ ഡോ.ശ്യാമളൻ.എം.ജി | 01.04.17 മുതൽ |

| | | |
|---|---|---|
| (ആയുർവേദം ) | | 01.08.17 വരെ<br>02.08.17 മുതൽ 31.03.18 വരെ |
| വെറ്ററിനറി സർജൻ | ഡോ.രഘു.സി.ബി | 01.04.17 മുതൽ 31.03.18 വരെ |
| പ്രധാന അദ്ധ്യാപിക | ഗ്രേസി.സി.കെ | 01.04.17 മുതൽ 31.03.18 വരെ |
| വി.ഇ.ഒ | ഉണ്ണികൃഷ്ണൻ.എം.സി | 01.04.17 മുതൽ 31.03.18 വരെ |
| വി.ഇ.ഒ | സുമ.വി.ടി | 01.04.17 മുതൽ 31.03.18 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | നന്ദകുമാരൻ.കെ.കെ | 01.04.17 മുതൽ 31.03.18 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശാന്ത.കെ.കെ | 01.04.17 മുതൽ 31.03.18 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | മുഹമ്മദ് റീസ് | 01.04.17 മുതൽ 31.03.18 വരെ |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഭാഗം-1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |

| | | |
|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| ഭാഗം-2 | | |
| 13 | ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി | 2-1 |
| 14 | വസ്തു നികുതി-അവലോകനം | 2-2 |
| 15 | അനധികൃതകെട്ടിടനിർമ്മാണം -തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | 2-3 |
| 16 | ലൈസൻസ് നൽകിയതിലെ അപാകത | 2-4 |
| 17 | നിഷ്ക്രിയമായ അക്കൗണ്ടുകൾ | 2-5 |
| 18 | നിശ്ചിത സമയത്തിനുള്ളിൽ കരാർ വെച്ചില്ല. വൈകി വച്ച കരാറിന് നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. | 2-6 |
| ഭാഗം-3 | | |
| 19 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് - സർക്കാർ നിർദ്ദേശത്തിനു വിരുദ്ധം | 3-1 |
| 20 | മരാമത്ത് പ്രവൃത്തികൾ - അവലോകനം | 3-2 |
| 21 | കുഴിച്ചെടുത്ത മണ്ണിന്റെ ഡിസ്പോസൽ രേഖപ്പെടുത്താത്തത് | 3-3 |
| 22 | ഗുണഭോക്തൃസമിതിക്ക് ടാക്സ് ഇളവ് നൽകിയത് അംഗീകരിക്കുന്നില്ല. | 3-4 |
| 23 | സമയപരിധി കഴിഞ്ഞിട്ടും എഗ്രിമെന്റ് പുതുക്കിയില്ല. പിഴ ഈടാക്കിയില്ല | 3-5 |
| 24 | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കേണ്ടതാണ്. 150000/- രൂപ തടസ്സപ്പെടുത്തുന്നു. | 3-6 |
| 25 | വാട്ടർ കണക്ഷന് തുക നൽകി . യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. 190000/- രൂപ തടസ്സപ്പെടുത്തുന്നു. | 3-7 |
| 26 | സർട്ടിഫിക്കറ്റ് രൂപത്തിൽ ലഭിക്കുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റ് എവിടേയും | 3-8 |

| | | |
|---|---|---|
| | രേഖപ്പെടുത്തുന്നില്ല. | |
| 27 | പ്ലാസ്റ്റിക് ശേഖരണ കേന്ദ്രം ഉപയോഗപ്രദമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 3-9 |
| 28 | പി.ഡബ്ല്യൂ.ഡി ഡെപ്പോസിറ്റ് തുക പി.ഡബ്ല്യൂ.ഡിക്ക് ലഭിച്ചിട്ടില്ല. സാങ്കേതിക തകരാർ പരിഹരിക്കാൻ നടപടിയെടുക്കേണ്ടതാണ്. | 3-10 |
| 29 | ഫെസ്റ്റിവൽ അഡ്വൻസ് അവസാനഗഡു പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. | 3-11 |
| 30 | ആയുർവേദ ആശുപത്രിയിലേയ്ക്ക് മരുന്നുകൾ വാങ്ങൽ പദ്ധതി | 3-12 |
| 31 | ലോൺ രജിസ്റ്ററിൽ അധികമായി തുക രേഖപ്പെടുത്തി | 3-13 |
| 32 | അംഗനവാടിയ്ക്ക് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-14 |
| 33 | കന്നുകുട്ടി പരിപാലന പദ്ധതി | 3-15 |
| 34 | ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ | 3-16 |
| 35 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 3-17 |
| 36 | വീട് വാസയോഗ്യമാക്കൽ പദ്ധതി | 3-18 |
| 37 | ആശ്രയപദ്ധതി - അവലേകനം | 3-19 |
| 38 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -അവലോകനം | 3-20 |
| 39 | മൃഗസംരക്ഷണം | 3-21 |
| 40 | കൃഷി | 3-22 |
| 41 | കാർഷിക മേഖല -അവലോകനം | 3-23 |
| 42 | സ്ട്രീറ്റ് മെയിൻ വലിക്കലും പോസ്റ്റ് മാറ്റി സ്ഥാപിക്കലും (SO 089/18) KSEB -യിൽനിന്നും കൈപ്പറ്റ് രശീതി, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭിച്ചിട്ടില്ല. | 3-24 |
| 43 | കേരളോത്സവം (SO 052/18)- മാർഗ്ഗരേഖക്കുവിരുദ്ധമായ ചെലവ് | 3-25 |
| 44 | അപ്രോച്ച് റോഡിന് സ്ഥലം വാങ്ങൽ- സർക്കാർ അനുമതിയുടെ അഭാവം | 3-26 |
| 45 | സാന്ത്വന പരിചരണ പദ്ധതി – മരുന്നുകൾ | 3-27 |

| | | |
|---|---|---|
| | ലഭ്യമായില്ല | |
| ഭാഗം-4 | | |
| 46 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 47 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 48 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 49 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 50 | സ്ഥിര നിക്ഷേപം | 4-5 |
| 51 | ഓഡിറ്റ് റിക്കവറി | 4-6 |
| 52 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 53 | ചാർജ്ജ് – സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 54 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 55 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 56 | അനുബന്ധം – 1, ഓഡിറ്റ് സാക്ഷ്യപത്രം | |
| 57 | അനുബന്ധം -2, വാർഷിക ധനകാര്യ പത്രികയുടെ സംക്ഷിപ്തം | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി 21.03.2017-ൽ അംഗീകരിച്ച കരട് ബജറ്റ് 27.03.17ൽ ഭരണസമിതി അംഗീകരിച്ചു.

ഗ്രാമപഞ്ചായത്തുകളിലെ ബജറ്റ് രൂപീകരണം സംബന്ധിച്ച് കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും സെക്ഷൻ 214 പ്രകാരം സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെട്ട ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ാം തീയതിക്ക് മുൻപായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച കൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്.

ഗ്രാമ പഞ്ചായത്തിലെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പട്ട അപാകതകൾ ചുവടെ ചേർക്കുന്നു;

എ) ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടേയും സ്റ്റാൻഡിങ്ങ് കമ്മിറ്റികളുടേയും നിർദ്ദേശങ്ങൾ സ്വീകരിച്ച് രൂപീകരിക്കാൻ 06.03.2017 ലെ ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയിൽ തീരുമാനമെടുത്തിരുന്നെങ്കിലും ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ

നേതൃത്വത്തിൽ ഘടകസ്ഥാപന മേധാവികളുടെ ഒരു യോഗം സെക്രട്ടറി വിളിച്ചു ചേർക്കുകയോ അവരിൽ നിന്നും നോൺപ്ലാൻ ബജറ്റ് നിർദ്ദേശങ്ങൾ നിശ്ചിത പ്രഫോർമയിൽ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

ബി)മറ്റു സ്റ്റാൻഡിങ്ങ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിക്ക് നൽകിയിട്ടില്ല.

സി)വാർഷിക പദ്ധതിക്ക് അംഗീകാരം ലഭിച്ചത് 31.05.2017ൽ ആയതിനാൽ വാർഷിക പദ്ധതി ബജറ്റിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

ഡി)Administrative expenses ഹെഡിൽ പുതുക്കിയബജറ്റിൽ വകയിരുത്തിയിരിക്കുന്നത് 11,79,000 രൂപയാണ്. എന്നാൽ ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ഈ തുക 19,35,452 ആണ്.

ഇ)പശ്ചാത്തല മേഖലയിൽ പുതുക്കിയ ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക 1,51,50,000 രൂപയാണ്. എന്നാൽ സുലേഖ പത്രിക പ്രകാരം പശ്ചാത്തല മേഖലയിൽ 2,10,19,014 രൂപ ചെലവഴിച്ചിരിക്കുന്നു.

ഒരു നിശ്ചിത കാലയളവിൽ ഒരു സ്ഥാപനത്തിനുണ്ടായേക്കാവുന്ന ചെലവുകളുടെയും വരവുകളുടെയും ഇനം തിരിച്ചുള്ള സംക്ഷിപ്തമാണ് ബഡ്ജറ്റ്. സാമ്പത്തിക ആസൂത്രണത്തിന് ഒരു സ്ഥാപനത്തിന് ആശ്രയിക്കാവുന്ന ഏറ്റവും ഫലപ്രദമായ ഉപകരണമാണത്. സാമ്പത്തിക അച്ചടക്കം കൈവരിക്കുന്നതിൽ ബഡ്ജറ്റിന്റെ സ്വാധീനം വലുതാണ്. സ്ഥാപനത്തിന്റെ വിവിധ ചെലവുകൾക്ക് ലക്ഷ്യങ്ങൾക്കനുസൃതമായ മുൻഗണന നൽകി സാമ്പത്തിക സ്ഥിതി നേരായവിധത്തിൽ നിയന്ത്രിക്കുന്നതിന് ബഡ്ജറ്റ് സഹായിക്കുന്നു. എന്നാൽ പഞ്ചായത്തിന്റെ ബഡ്ജറ്റുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ആവശ്യമായ മുന്നൊരുക്കമോ നിയമനിഷ്കർഷകളോ പാലിച്ചതായി കാണുന്നില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2018 | 25/06/2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 27/06/2018 | KSA-TSR.(E3)1150/18(73) Dt.31.07.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17255391 |
| വരവ് | 68250273 |
| ആകെ | 85505664 |
| ചെലവ് | 81646063 |
| നീക്കിയിരിപ്പ് | 3859601 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | | 15464000 | 15464000 | 15087425 | 376575 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 5115874 | 5115874 | 4319520 | 796354 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | 98959 | 98959 | 94890 | 4069 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 10676000 | 10676000 | 10636234 | 39766 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 4067000 | 4067000 | 3260494 | 806506 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ACR പ്രകാരം) | | | 7262531 | 7262531 | 7209650 | 52881 |
| കെ. എൽ. എസ്.ജി. ഡി.പി (ACR പ്രകാരം) | കേന്ദ്ര വിഹിതം | | 2576864 | 2576864 | 2404919 | 171945 |
| | സംസ്ഥാന വിഹിതം | | 963853 | 963853 | 885031 | 78822 |
| സാക്ഷരത | | | | | | |
| എം..എൻ.ആർ.ഇ.ജി.എസ് | ഭരണചെലവുകൾ | 22463 | 854032 | 876495 | 853696 | 22799 |
| | മെറ്റീരിയൽകോസ്റ്റ്+ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 28381306 | 28381306 | 28381306 | - |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | ഐ.സി.ഡി.എസ് | 783073 | 567507 | 1350580 | 336201 | 1014379 |
| | ടി.എസ്.സി. | 425187 | | 425187 | | 425187 |
| | നിർമ്മൽ പുരസ്കാരം | 402820 | - | 402820 | - | 402820 |
| | സെൻട്രൽ ഗ്രാന്റ് | 4000 | - | 4000 | - | 4000 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | വിമുക്തി | 25000 | 12500 | 37500 | 2250 | 35250 |
| | ശുചിത്വമിഷൻ | 74017 | 407000 | 481017 | 74017 | 407000 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 150000 | 510000 | 660000 | 660000 | - |
| | ജില്ലാ പഞ്ചായത്ത് | 350000 | 925000 | 1275000 | 1275000 | - |
| ബിഫണ്ട് | | | 64640 | 64640 | 64640 | - |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 4553782 | 12313469 | 16867251 | 13876954 | 2990297 |
| | ട്രഷറി അക്കൗണ്ട് | 12326643 | 10662359 | 22989002 | 22097101 | 891901 |
| മറ്റിനം | ഗുണഭോക്തൃവിഹിതം | 51130 | 381234 | 432364 | 429364 | 3000 |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| (എണ്ണം) | | | | (എണ്ണം) | | ശതമാനം |
|---|---|---|---|---|---|---|
| 178 | 74745640 | 149 | 49985507 | 29 | ഇല്ല | 84% |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 22463 | 854032 | 876495 | 853696 | 22799 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് +മെറ്റിരീയൽ കോസ്റ്റ് | | 28381306 | 28381306 | 28381306 | 0 |
| ആകെ | 22463 | 29235338 | 29257801 | 29235002 | |

# 1-8 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 44640 | 76 |
| കർഷകതൊഴിലാളി പെൻഷൻ | 6735000 | 550 |
| വിധവാപെൻഷൻ | 12268500 | 1022 |
| വാർദ്ധക്യകാലപെൻഷൻ | - | 1787 |
| വികലാംഗപെൻഷൻ | 3995700 | 353 |
| അവിവാഹിത പെൻഷൻ | 1187200 | 100 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | - | - |

വാർദ്ധക്യകാല പെൻഷൻ, വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം എന്നിവ AFS ൽ ഉൾപ്പെട്ടിട്ടില്ല. അക്കാര്യം ഖണ്ഡിക 1-12 ൽ ചേർത്തിട്ടുണ്ട്.

# 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.9.2018 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 30909/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

ഗുണഭോക്താക്കളായ പൗരന്മാർക്ക് കാര്യക്ഷമവും ഫലപ്രദവുമായ സേവനം സമയബന്ധിതമായി പ്രദാനം ചെയ്യുന്നതിൽ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന് വളരെയധികം പ്രാധാന്യമുണ്ട്. എന്നാൽ പഞ്ചായത്തിൽ നടത്തിയ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ

കാണുന്നു.

1.ഫ്രണ്ട് ഓഫീസ് ഡയറി കൃത്യമായി അധികാരപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.
2.സ്റ്റോക്ക് രജിസ്റ്റർ ശരിയായി എഴുതി സൂക്ഷിക്കുന്നില്ല. വാങ്ങുന്ന ഓരോ സാധനസാമഗ്രികൾക്കും ഓരോ പേജുകൾ നൽകാതെ ഓരോ തീയ്യതിയിലും വാങ്ങുന്ന സാധനങ്ങൾ ഒരുമിച്ച് ഒരു പേജിൽ തന്നെ എഴുതുന്ന സമ്പ്രദായമാണ് പിൻതുടരുന്നത്. കൂടാതെ അധികാരപ്പെട്ട ഉദ്യോഗസ്ഥർ ആരും തന്നെ രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തുന്നുമില്ല.
3.ടെണ്ടർ ഫോം രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. പഞ്ചായത്തിന് ലഭിക്കേണ്ട ടി ഇനത്തിലെ തനത് വരുമാനം ശരിയായി ലഭിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാൻ അതിനാൽതന്നെ സാധിച്ചിട്ടില്ല.
4.വരവ് ചെലവുകളെ നിയന്ത്രിക്കുന്നതിന് ബജറ്ററി നിയന്ത്രണം നിലവിലില്ല.

5. ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല.

6. ആസ്തി രേഖപ്പെടുത്തുന്നതിനായി രൂപപ്പെടുത്തിയ സചിത്ര സോഫ്റ്റ് വെയർ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമായിട്ടില്ല.

7. ചെസ്റ്റിൽ സൂക്ഷിക്കുന്ന കാഷ്, ആധാരങ്ങൾ, മറ്റ് വിലപ്പിടിപ്പുള്ള വസ്തുക്കൾ എന്നിവയുടെ വിവരം, കൈമാറ്റം എന്നിവ നിരീക്ഷിക്കാൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.10.18 | സെപ്തംബർ 2018 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.10.15 – 11.11.15 | 2010-11 മുതൽ 2014-15 വരെ | 25.12.15 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

1. വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായമായി രജിസ്റ്റർ പ്രകാരം ലഭിച്ച 120000/- രൂപ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

2. സേവന പെൻഷൻ സോഫ്റ്റ് വെയർ പ്രകാരം വാർദ്ധക്യകാല പെൻഷൻ ഇനത്തിൽ ചെലവ് ചെയ്ത 24219700/- രൂപ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. സുലേഖ പത്രിക പ്രകാരം സ്ട്രീറ്റ് മെയിൻ വലിക്കലും പോസ്റ്റ് മാറ്റി സ്ഥാപിക്കലും പദ്ധതിക്കായി കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ചിട്ടുള്ള 885154/- രൂപ കെ.എസ്.ഇ.ബി.ക്ക് നൽകിയ അഡ്വാൻസ് തുകയിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. സാംഖ്യ ACR പ്രകാരം maintenance grant non road ഇനത്തിൽ ചെലവ് കാണിച്ചിട്ടുള്ള 80,000/- രൂപ വാർഷിക ധനകാര്യ പത്രികയിൽ മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഇനത്തിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ടി തുക സെക്രട്ടറിയുടെ ബിൽബുക്ക് പ്രകാരം മാറിയിട്ടില്ല.

5. പഞ്ചായത്ത് വക ബൊലേറോ ജീപ്പ് ആസ്തിയിലും ഡിപ്രീസിയേഷൻ കണക്കാക്കിയതിലും ഉൾപ്പെടുത്തിയിട്ടില്ല.
6. NREGS വരവുചെലവുകൾ വാർഷിക കണക്ക്, MIS രേഖകളുമായി പൊരുത്തപ്പെടുന്നില്ല.
7. 31.03.2017-ലെ ബാലൻസ്ഷീറ്റ് പ്രകാരം സഹകരണ ബാങ്കിൽ നിന്നെടുത്ത ബാദ്ധ്യത 13551267/- രൂപയും 2017-18 വാർഷിക കണക്ക് പ്രകാരം ലോൺ തിരിച്ചടവ് തുക 2000000/- രൂപയാണ്. ആയതിനാൽ 11551267/- രൂപയാണ് 31.03.2018-ലെ ബാലൻസ്ഷീറ്റിൽ സഹകരണ ബാങ്ക് ലോൺ ഇനത്തിൽ കാണേണ്ടത്. എന്നാൽ 13131267/- രൂപയാണ് ബാലൻസ്ഷീറ്റിൽ ബാദ്ധ്യതയായി കാണിച്ചിട്ടുള്ളത്. 15,80,000/- രൂപയുടെ വ്യത്യാസം കാണുന്നു.
8. Profession tax (traders) ഇനത്തിൽ രജിസ്റ്റർ പ്രകാരം ലഭിക്കാനുള്ള 9420/- രൂപ തൻവർഷ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
9. സംയുക്ത സംരംഭങ്ങൾക്കായുള്ള STSB അക്കൗണ്ട് (a/c no. 1348) ബാങ്ക് ബുക്ക് - പാസ്സ് ബുക്ക് റീകൺസീലിയേഷൻ ശരിയായി നടത്തിയിട്ടില്ല.
10. വസ്തു നികുതി അരിയർ ഡിമാന്റ് സഞ്ചയ പ്രകാരവും വാർഷിക കണക്ക് പ്രകാരവും പൊരുത്തപ്പെടുന്നില്ല. കളക്ഷൻ, ബാലൻസ്, അഡ്ജസ്റ്റ് ചെയ്യാനുള്ള തുക എന്നിവയുടെ കാര്യത്തിലും പൊരുത്തക്കേടുകളുണ്ട്. Prior period income-property tax on residential buildings എന്ന ശീർഷകത്തിൽ 11,78,914/- രൂപയും non-residential buildings എന്ന ശീർഷകത്തിൽ 91,275/- രൂപയുമാണ്. എന്നാൽ ഇതു സംബന്ധിച്ച് രേഖകളോ വിശദീകരണമോ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

വസ്തു നികുതി - 2017-18

| | | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|
| കറന്റ് | സാംഖ്യ | 4470591 | 3971971 | 177418 -<br>8448(LC)<br>--------------<br>168970 |
| | സഞ്ചയ | 4470591 | 3966449 | 168729 |
| അരിയർ | സാംഖ്യ | 4167287 | 2743396 | 318197-<br>15152 (LC)<br>---------------<br>303045 |
| | സഞ്ചയ | 3025401 | 2780920 | 303535 |

11. 'സർവീസ് സെസ്സ് ഓൺ റെസിഡൻഷ്യൽ & നോൺ റെസിഡൻഷ്യൽ ബിൽഡിങ്ങ്സ്' എന്ന ശീർഷകത്തിലുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ കാര്യത്തിലും സാംഖ്യ, സഞ്ചയ

കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

12. വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

(i) Cash flow statement പ്രകാരം 2017-18 കാലയളവിലെ net increase or decrease in cash and cash equivalents ആയി രേഖപ്പെടുത്തിയിരിക്കുന്നത് 13395790/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2017-18 കാലയളവിൽ net cash generated by operating+investing+financing activities ആയി രേഖപ്പെടുത്തിയിരിക്കുന്നത് 13539832/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

13. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, സെക്രട്ടറിയുടെ കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 ചട്ടം 62 (എഫ്)).

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എ(i) പ്രകാരം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റികൾ ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത വിഷയങ്ങൾ എന്നിവ കൈകാര്യം ചെയ്യേണ്ടതാണ്.

13-ാം പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചുമതലകൾ സർക്കാർ ഉത്തരവ് (എം.എസ്)72/2017 ത.സ്വ.ഭ.വ തീ 29.3.2017 ൽ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്. പദ്ധതി ആസൂത്രണവും മോണിറ്ററിങ്ങുമായി ബന്ധപ്പെട്ട വിഷയങ്ങളിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കാണ്.

ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതല നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.ബജറ്റ്

ഖണ്ഡിക 1-1 ൽ ചേർത്തിട്ടുണ്ട്.

2.പുതിയ നികുതി നിർദ്ദേശങ്ങൾ

ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റിയുടെ മിനിറ്റ്സ് പരിശോധിച്ചതിൻ പ്രകാരം ഓരോ മാസത്തേയും വരവു ചെലവുകൾ യോഗങ്ങളിൽ ചർച്ച ചെയ്ത് അംഗീകരിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിന്റെ പ്രതീക്ഷിത വരുമാനം വർദ്ധിപ്പിക്കുന്നതിനു പുതിയ നികുതി നിർദ്ദേശങ്ങൾ സംബന്ധിച്ച ചർച്ചകൾ കമ്മിറ്റിയിൽ ഉണ്ടായിട്ടില്ല.

3.തനതു വരുമാനങ്ങളുടെ കൃത്യത പരിശോധിക്കൽ

തനതു വരുമാനങ്ങളുടെ ഡിമാന്റിന്റേയും പിരിവിന്റേയും കൃത്യത ഉറപ്പു വരുത്തുന്നതിന് രേഖകളുടേയും രജിസ്റ്ററുകളുടേയും സൂക്ഷിപ്പ് കമ്മിറ്റി പരിശോധിക്കുന്നില്ല.

4.പൊതുഭരണം

കേരള പഞ്ചായത്ത് രാജ്(പൗരാവകാശരേഖ തയ്യാറാക്കൽ) ചട്ടങ്ങൾ,ചട്ടം 9(1) പ്രകാരം പൗരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തൃക്കൂർ ഗ്രാമപഞ്ചായത്തിൽ പുതിയ ഭരണസമിതി അധികാരത്തിൽ വന്നതിനു ശേഷം 2016 ൽ പ്രസിദ്ധീകരിച്ച പൗരാവകാശരേഖ ഇതുവരെ പുതുക്കിയിട്ടില്ല.

## 2-2 വസ്തു നികുതി-അവലോകനം

വസ്തുനികുതി നിർണ്ണയ സോഫ്റ്റ് വെയറായ സഞ്ചയുടേയും അക്കൗണ്ടിംഗ് സോഫ്റ്റ് വെയറായ സാംഖ്യയുടേയും സംയോജനം പൂർത്തിയായിട്ടുണ്ടെങ്കിലും മുൻവർഷത്തെ വാർഷിക കണക്കിലെ തുകയുമായി സഞ്ചയയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല. സഞ്ചയയിലെ ഡിമാന്റ് തുക സാംഖ്യയിലെ ഡിമാന്റായി ചേർക്കുകയും ബാലൻസ് തുകകൾ പൊരുത്തപ്പെടുത്തുകയുമാണ് ചെയ്തിട്ടുള്ളത്. സാംഖ്യ പ്രകാരം രസീത് ചെയ്യപ്പെടുന്ന വസ്തുനികുതി കളക്ഷനാണ് സഞ്ചയ സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടേണ്ടത്. എന്നാൽ സാംഖ്യ സഞ്ചയ കളക്ഷൻ തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു. 2017-18 സാമ്പത്തിക വർഷത്തെ സാംഖ്യ സഞ്ചയ തുകകളിലെ വ്യത്യാസം ചുവടെ കൊടുക്കുന്നു.

| | റസിഡൻഷ്യൽ | നോൺ റസിഡൻഷ്യൽ |
|---|---|---|
| സാംഖ്യ | 2263124 | 1708847 |
| സഞ്ചയ | 2245135 | 1721328 |

പൊരുത്തകേടിന്റെ കാരണങ്ങൾ

കാലാകാലങ്ങളിൽ വസ്തുനികുതി സംബന്ധിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിനനുസരിച്ച് സഞ്ചയയിൽ മാറ്റം വരുത്തുന്നതും സഞ്ചയസോഫ്റ്റ് വെയറിന്റെ പരിമിതികൾ കൊണ്ടും സാംഖ്യ സഞ്ചയ തുകകൾ പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണമായി.

കെട്ടിടങ്ങളുടെ ഡിമാന്റ് ഒഴിവാക്കുമ്പോൾ സഞ്ചയയിൽ മുൻവർഷത്തെ ഡിമാന്റിൽ കൂടി മാറ്റം വന്നു. ഇത് മുൻവർഷങ്ങളിൽ ഓഡിറ്റ് അന്തിമമാക്കിയ വാർഷിക കണക്കിലെ ഡിമാന്റ് തുകയുമായി പൊരുത്തപ്പെടുന്നില്ല. 2013-14 ലെ വസ്തുനികുതി പരിഷ്കരണം നടത്തിയപ്പോൾ എല്ലാ ബിൽഡിങ്ങുകൾക്കും നികുതി വരികയും നികുതി ഉള്ള കെട്ടിടങ്ങൾക്ക് വർദ്ധനവ് വരികയും ചെയ്തു. 2015-16 സാമ്പത്തിക വർഷം നികുതി കുറയ്ക്കുകയും 30$m^2$ ന് താഴെയുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കുകയും ചെയ്തു. പിന്നീട് 60 $m^2$ ന് താഴെ വരുന്ന കെട്ടിടങ്ങളെ ഒഴിവാക്കുകയും മറ്റ് കെട്ടിടങ്ങളുടെ നികുതി കുറവ് ചെയ്യുകയുമുണ്ടായി. ഇത് അരിയർ ഡിമാന്റ് തുകയിൽ മാറ്റം വരുത്തി. 2013-14 സാമ്പത്തിക വർഷം നികുതി നിശ്ചയിച്ചപ്പോൾ വന്ന വർദ്ധനവും സർക്കാർ ഉത്തരവ് 144/15/തസ്വഭവ, 358/15/തസ്വഭവ പ്രകാരം നികുതിയിൽ മാറ്റം വരുത്തിയതും വ്യത്യാസത്തിന് കാരണമായി.

കെട്ടിടങ്ങളുടെ പഴയ നമ്പർ രേഖപ്പെടുത്താതെ സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തിയതും കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം മാറുന്നതും സാംഖ്യ സഞ്ചയ ഇന്റഗ്രേഷനിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചു. സാംഖ്യയയിൽ റസീപ്റ്റ് ചെയ്യുന്നത് യാന്ത്രികമായി സഞ്ചയയിൽ പോസ്റ്റ് ചെയ്യപ്പെടാതിരുന്ന സാഹചര്യവും സാംഖ്യയിൽ രസീതി ക്യാൻസൽ / പ്രിന്റ് ഫാൾട്ട് ആകുന്നത് സഞ്ചയയിൽ പോസ്റ്റ് ചെയ്യപ്പെടുന്ന സാഹചര്യവുമുണ്ടായി. ഇത്തരം അപാകതകൾ മാനുവലായി കണ്ടെത്തി പരിഹരിക്കപ്പെടാത്തതും നികുതി തുകയിലെ മാറ്റങ്ങൾക്ക് കാരണമായി. സോഫ്റ്റ്‌വെയറിന്റെ സാങ്കേതിക പരിമിതികൾ മറികടക്കുന്നതിന് ഇടക്കിടെ എക്സ്ട്രാ ടൂളുകൾ നൽകിവരുന്നു.

സഞ്ചയ പ്രകാരമുള്ള വസ്തുനികുതി തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തുന്നതിന് യാതൊരു ആധികാരിക രേഖകളുമില്ലാതെ തന്നെ വാർഷികധനകാര്യപത്രികയിലെ തുകകൾ വൗച്ചർ

മുഖേന എഴുതി തള്ളുകയും ക്രമീകരിക്കുകയും ചെയ്യുന്നു. വസ്തുനികുതി പരിഷ്കരണം, വസ്തുനികുതി സോഫ്റ്റ് വെയറിന്റെ സാങ്കേതിക മികവിന്റെ കുറവ് തുടങ്ങി കാരണങ്ങൾ കൊണ്ട് വസ്തുനികുതിയിലുണ്ടായിട്ടുള്ള വ്യത്യാസം കൃത്യമായി കണക്കാക്കപ്പെടേണ്ടതും പൊരുത്തപ്പെടുത്തലിലൂടെ വരുമാന നഷ്ടം ഉണ്ടായിട്ടില്ല എന്നുള്ളത് ഉറപ്പാക്കപ്പെടേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഭരണവകുപ്പ് തലത്തിൽ നടപടിയുണ്ടാകേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുഖ്യ തനതുവരുമാനമായ വസ്തുനികുതി കൃത്യമായി കണക്കാക്കപ്പെടേണ്ടതും ആയത് ഈടാക്കപ്പെടേണ്ടതുമാണ്.

വസ്തു നികുതി പിരിച്ചെടുക്കുന്നതിൽ ഗ്രാമപഞ്ചായത്ത് തൻവർഷം വലിയ നേട്ടം കൈവരിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം തയ്യാറാക്കിയ ഡിമാന്റ് , കളക്ഷൻ, ബാലൻസ് പത്രിക പ്രകാരം തൻവർഷത്തെ ഡിമാന്റ് തുകയിൽ ഈടാക്കാനുള്ള തുക 177418 രൂപയും കുടിശ്ശിക ഡിമാന്റ് തുകയിൽ ഈടാക്കാനുള്ള തുക 318197രൂപയുമാണ്. വസ്തുനികുതി പിരിവിന്റെ പുരോഗതി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗങ്ങളിൽ വിലയിരുത്താറുണ്ട്. ജീവനക്കാർക്ക് കളക്ഷൻ സംബന്ധിച്ച് ലക്ഷ്യം നിശ്ചയിച്ച് നൽകുകയും ഓഫീസ് ഉത്തരവുകളിലൂടെ ചുമതല ഏൽപ്പിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. വസ്തുനികുതിയുടെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം തയ്യാറാക്കിയ ഡിമാന്റ് , കളക്ഷൻ, ബാലൻസ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | Demand (residential ,non residential | Collection (residential ,non residential | Adjustment (residential ,non residential | Balance (residential ,non residential |
|---|---|---|---|---|
| current | 4467228 | 3966463 | 352223 | 212060 |
| arrear | 3000204 | 2780944 | 231105 | 281258 |

ഓരോ ഡിമാന്റിന്റെയും കൃത്യത ഉറപ്പാക്കുന്നതിനായി പ്യൂരിഫിക്കേഷൻ എന്ന പ്രക്രിയ നടത്തിവരികയാണെന്ന് അറിയിച്ചിട്ടുണ്ട്. ഇത് പൂർത്തിയാകുന്ന മുറക്കേ ഡിമാന്റിന്റെ കൃത്യത ഉറപ്പാക്കാനാവൂ. പ്യൂരിഫിക്കേഷൻ പൂർത്തിയാക്കി ഡിമാന്റ് കൃത്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 അനധികൃതകെട്ടിടനിർമ്മാണം -തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

എ)വിവരാവകാശ ഫയൽ പരിശോധിച്ചതിൽ നിന്നും കല്ലൂർ മാവിൻ ചുവട്ടിൽ പ്രവർത്തിക്കുന്ന ജനനീതി കുറീസ് എന്ന സ്ഥാപനത്തിന്റെ മുകളിൽ ജനനീതി ലിമിറ്റഡ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നതായും ആയതിനു പഞ്ചായത്തിൽ നിന്നും പെർമിറ്റ് നൽകിയിട്ടില്ല എന്നും മേൽ സ്ഥാപനം 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 235 2011 ലെ കേരളാ പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങൾ 27(3), ചട്ടം നമ്പർ 58 എന്നിവ പ്രകാരം അനധികൃത നിർമ്മാണത്തിന്റെ പരിധിയിൽപ്പെടുന്നതാണ്. ആയതിനാൽ അനധികൃതമായി നിർമ്മിച്ച ഭാഗം 2011ലെ കേരളാ പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങൾ ചട്ടം20 പ്രകാരം പൊളിച്ച് മാറ്റുന്നതിന് 21.7.17ന് സെക്രട്ടറി നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും പിന്നീട് നാളിതുവരെ തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

ബി)ഗ്രാമപഞ്ചായത്തിലെ 15-ാം വാർഡ് കല്ലൂർ വില്ലേജ് സർവ്വേ 256/3ൽ കല്ലുക്കാരൻ ജോസ് എന്നയാളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ, 2011ലെ കേരളാ പഞ്ചാത്ത് കെട്ടിടനിർമ്മാണചട്ടങ്ങൾ ലംഘിച്ച് പണി കഴിപ്പിച്ചിട്ടുള്ള കെട്ടിടഭാഗങ്ങൾ പൊളിച്ചു മാറ്റുന്നതിന് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രിബ്യൂണലിന്റെ 31.5.16ലെ വിധിന്യായ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. കേരളാ പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങൾ ചട്ടം 20 പ്രകാരം പൊളിച്ച് മാറ്റുന്നതിന് 21.7.17ന് സെക്രട്ടറി നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും പിന്നീട് നാളിതുവരെ തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

മേൽപ്പറഞ്ഞ അനധികൃത നിർമ്മാണങ്ങൾക്കെതിരെ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ലൈസൻസ് നൽകിയതിലെ അപാകത

മലിനീകരണ നിയന്ത്രണ ബോർഡ്, അഗ്നിശമന സേന എന്നിവയിൽ നിന്നുള്ള സാക്ഷ്യപത്രം കൂടാതെ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഓട്/കളിമൺ ഫാക്ടറികൾക്ക് ലൈസൻസ് അനുവദിച്ചിരിക്കുന്നു. ഉദാഹരണങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.(ഓഡിറ്റ് എൻക്വയറി നമ്പർ 8/25.09.2018)

| ക്രമ നം. | സ്ഥാപനം | വാർഡ്/കെട്ടിട നമ്പർ | രസീത് നമ്പർ/തീയതി |
|---|---|---|---|
| 1 | ചൈത്രം സെറാമിക്സ് | 2/ | 11607103924/27.02.17 |
| 2 | ആനന്ദ് ടൈൽസ് | 12/251 | 11607103929/27.02.17 |
| 3 | കൃഷ്ണ സെറാമിക്സ് | 12/245 | 11607103930/27.02.17 |
| 4 | വിഷ്ണു സെറാമിക്സ് | 12/243 | 11607103931/27.02.17 |
| 5 | ബാലാജി ടൈൽസ് | 6/267B | 11607103927/27.02.17 |
| 6 | സെന്റ് ട്രീസാസ് | 17/379 | 11607103941/27.02.17 |

കൂടാതെ പല സ്ഥാപനങ്ങളും അപേക്ഷ നൽകിയിരിക്കുന്നത് പൂർണ്ണമല്ലാതെയാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രത്തോടെയും പൂർണ്ണമായ അപേക്ഷകളിൽ നിന്നും നിയമാനുസൃതം ഫീസ് ഈടാക്കി ലൈസൻസ് നൽകുന്നു എന്ന് ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റി ഉറപ്പു വരുത്തേണ്ടതാണ്.

## 2-5 നിഷ്ക്രിയമായ ബാങ്ക് അക്കൗണ്ടുകൾ

പഞ്ചായത്ത് ഹൈസ്കൂളിന്റെ പേരിലുള്ള കോർപ്പറേഷൻ ബാങ്ക് അക്കൗണ്ടിൽ 1036 രൂപ നീക്കിയിരിപ്പുണ്ട് .നിലവിൽ ഈ അക്കൗണ്ട് നിഷ്ക്രിയമാണ്. ആയത് ക്ലോസ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 നിശ്ചിത സമയത്തിനുള്ളിൽ കരാർ വച്ചില്ല. വൈകി വച്ച കരാറിന് നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.

താഴെ ചേർക്കുന്ന പ്രവൃത്തികൾ സെലക്ഷൻ നോട്ടീസ് പ്രകാരം നിയമാനുസൃതം നിശ്ചയിക്കപ്പെട്ട തിയതിക്ക് ശേഷമാണ് എഗ്രിമെന്റ് ഒപ്പിട്ടിട്ടുള്ളത്. സെലക്ഷൻ നോട്ടീസിലെ തന്നെ വ്യവസ്ഥ പ്രകാരം നിയമാനുസൃത തിയ്യതിക്കുശേഷം എസ്റ്റിമേറ്റ് പി.എ.സി യുടെ ഒരു ശതമാനം പിഴ ഈടാക്കികൊണ്ട് മാത്രമേ എഗ്രിമെന്റ് ഒപ്പിടുവാൻ പാടുള്ളൂ എന്നിരിക്കെ ഈ പ്രവൃത്തികൾക്ക് പിഴ ഈടാക്കാതെ എഗ്രിമെന്റ് വെച്ചതായി കാണുന്നു. നിയമാനുസൃതമുള്ള പിഴ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നം. | പ്രവർത്തിയുടെ പേര് | സെലക്ഷൻ നോട്ടീസ് തിയ്യതി | എഗ്രിമെന്റ് വെക്കേണ്ട അവസാന | എഗ്രിമെന്റ് വെച്ച തിയ്യതി | എസ്റ്റിമേറ്റ് പി.എ.സി | പിഴ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | തിയ്യതി | | | |
| 1 | എയ്ഡഡ് സ്കൂളിലെ കുട്ടികൾക്ക് ടോയ്‌ലറ്റ് നിർമാണം | 02/02/17 | 20/02/17 | 16/03/2017 | 188675 | 1886 |
| 2 | പൊതു ടോയ്‌ലറ്റ് നിർമ്മാണം | 02/02/17 | 20/02/17 | 22/02/17 | 376790 | 3767 |
| 3 | കോട്ടായി കപ്പേള മതിക്കുന്ന് കനാൽ ബണ്ട് റോഡ് സോളിംഗ് | 16/11/17 | 30/11/17 | 15/02/18 | 487959 | 4879 |
| 4 | ഞെള്ളൂർ ആമ്പല്ലൂർ പാടം റോഡ് റീടാറിംഗ് ആന്റ് ഡ്രയിൻ | 28/10/17 | 15/11/17 | 01/01/18 | 639018 | 6390 |
| 5 | പൊതു കിണർ സംരക്ഷണം | 15/11/17 | 01/12/17 | 05/01/18 | 690000 | 6900 |
| | ആകെ | | | | | 23822 |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗുണഭോക്തൃ തെരഞ്ഞെടുപ്പ് - സർക്കാർ നിർദ്ദേശത്തിനു വിരുദ്ധം

11.10.2017-ലെ അജണ്ട നം.12 തീരുമാനം നം.1 പ്രകാരം ഈ വർഷത്തെ മാനദണ്ഡ പ്രകാരം ഗുണഭോക്തൃപട്ടിക തയ്യാറാക്കിയപ്പോൾ ചില വാർഡുകളിൽ നിന്നും ആരും തെരഞ്ഞെടുക്കപ്പെടാത്ത സാഹചര്യം വന്നുവെന്നും ഇതിനു പരിഹാരം കാണുന്നതിനുവേണ്ടി എല്ലാ വാർഡുകൾക്കും ആനുകൂല്യം ലഭിക്കുന്നതിനുവേണ്ടി 2016-17 വർഷത്തെ മാനദണ്ഡപ്രകാരം ഗുണഭോക്തൃലിസ്റ്റ് ഭേദഗതി വരുത്തുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു. അതേ ദിവസം തന്നെ അജണ്ട നം.20, തീരുമാനം നം.1 ആയി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സർക്കാർ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും കർശനമായി പാലിക്കണമെന്ന ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശം പാലിക്കാൻ തീരുമാനിച്ചിട്ടുമുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിരൂപീകരണവും നിർവ്വഹണവും സംബന്ധിച്ച് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് (2012-17)പല ഉത്തരവുകളും സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുണ്ട്. അവയിൽ എന്തുതന്നെ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിലും ഒരു സംഗതിയിൽ ഈ ഉത്തരവിലും 09.01.2017-ലെ ജി.ഒ.(എം.എസ്)നം.10/2017/തസ്വഭവ ഉത്തരവിലും എന്താണോ നിർദ്ദേശിച്ചിട്ടുള്ളത് അതായിരിക്കും വാർഷിക പദ്ധതിയിൽ (2017-18) പ്രാബല്യത്തിൽ ഉണ്ടായിരിക്കുകയെന്ന് സ.ഉ.(എം.എസ്.)നം.72/2017 /തസ്വഭവ തീ.29.03.17-ൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിലെ ഏറ്റവും അർഹരെ തെരഞ്ഞെടുക്കുന്നതിനായി, ആനുകൂല്യങ്ങൾ വാർഡുകളിൽ വീതം വയ്ക്കുന്നതിനെ നിരുത്സാഹപ്പെടുത്തുന്ന സർക്കാർനിർദ്ദേശങ്ങളൊന്നും പഞ്ചായത്ത് ഭരണസമിതി പരിഗണിച്ചിട്ടില്ല. പഞ്ചായത്തിലെ വാർഡുകളെ പ്രത്യേകം പ്രത്യേകം യൂണിറ്റുകളായി കാണരുതെന്നും പഞ്ചായത്തിനെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ടുകൊണ്ടു മാത്രമേ പദ്ധതികൾ വിഭാവനം ചെയ്യാവൂ എന്ന ആസൂത്രണത്തിന്റെ അടിസ്ഥാന തത്വത്തെ മറന്നുകൊണ്ടാണ് പഞ്ചായത്ത് തീരുമാനമെടുത്തിരിക്കുന്നത്.
ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 3-2 <u>മരാമത്ത് പ്രവർത്തികളുടെ അവലോകനം</u>

പ്രത്യേക അവലോകനത്തിനായി പതിനഞ്ചോളം റോഡ് പ്രവർത്തികൾ പരിശോധനാവിധേയമാക്കുകയുണ്ടായി. കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കും പ്രകാരമാണ്.

| ക്രമ നം. | ഇനം | എണ്ണം |
|---|---|---|
| 1 | റോഡിന്റെ മുഴുവൻ നീളത്തിലും പ്രവർത്തി നടന്നത് | 15 |
| 2 | ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയത് | പരിശോധന സാധ്യമായില്ല |
| 3 | വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശിച്ചത് | 2 |
| 4 | രണ്ടോ അതിൽക്കൂടുതലോ റോഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്നത് | 1 |
| 5 | 500മീറ്ററിനു മേൽ ദൈർഘ്യമുള്ളത് | 2 |
| 6 | മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചത് | 15 |

<u>വിലയിരുത്തലുകൾ</u>

1. തെരഞ്ഞെടുത്ത പ്രവൃത്തികളിൽ രണ്ടെണ്ണം മാത്രമാണ് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശിച്ചത് എന്നു കാണുന്നു. വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്

2. രണ്ടോ അതിൽ കൂടുതലോ വാർഡുകളെ ബന്ധിപ്പിക്കുന്ന റോഡുകൾ ഒരെണ്ണം മാത്രമാണ്. റോഡുകളുടെ പ്രാധാന്യം പ്രവൃത്തിക്കായി റോഡ് തെരഞ്ഞെടുക്കുന്നതിൽ പ്രതിഫലിക്കുന്നില്ല എന്ന് കാണുന്നു. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഇത്തരംചർച്ചകൾ നടന്നതായി രേഖയില്ല.

3. 500 മീറ്ററിനു മേൽ ദൈർഘ്യമുള്ളതായി രണ്ട് റോഡുകൾ മാത്രമാണുള്ളത്. നീളം കുറഞ്ഞ റോഡുകളുടെ എണ്ണക്കൂടുതൽ, ഫണ്ട് വാർഡുതലത്തിൽ വിഭജിക്കപ്പെടുന്നതു മൂലമാണെന്ന് കാണുന്നു

4.റോഡുകളുടെ സമഗ്രമായ വികസനത്തിന് റോഡുകണക്ടിവിറ്റി മാപ്പിന്റെ ആവശ്യകത പ്രസക്തമാണ്. നിലവിൽ റോഡ് കണക്ടിവിറ്റി മാപ്പ് സ്ഥാപനത്തിൽ പരിപാലിക്കുന്നില്ല. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് വികസനസ്റ്റാൻഡിംഗ് കമ്മിറ്റി മുൻകൈയ്യെടുക്കേണ്ടതാണ്.

ഒരേ റോഡിന് രണ്ടു പ്രവർത്തികൾ ഒരേ വർഷം ഒഴിവാക്കേണ്ടതാണ്.

മതിക്കുന്ന് കോട്ടായി കപ്പേള പൂണിശ്ശേരി റോഡ് റീടാറിംഗ് ആന്റ് മെറ്റലിംഗ് എന്ന പ്രവർത്തി പ്രോജക്ട് നമ്പർ. 127/17(30/18) അടങ്കൽ 215000 , ചെയിൻ 1 മുതൽ 200 വരെ, പ്രോജക്ട് 132/17 (37/18) അടങ്കൽ 210000 എന്നിങ്ങനെ രണ്ട് പ്രവൃത്തികൾ ഒരേ വർഷം നടന്നതായി കാണുന്നു. റോഡ് വികസനം സമഗ്രമായി കാണാത്തതുകൊണ്ടാണ് ഇതേ തരത്തിൽ ഒരേയിടത്ത് ഒരേ വർഷം രണ്ടു പ്രവൃത്തികൾ വേണ്ടി വന്നത് എന്ന് വിലയിരുത്തുന്നു.

5.അസ്തി രജിസ്റ്ററിൽ എല്ലാവിവരങ്ങളും പൂർണ്ണമല്ല.

മംഗലം തണ്ട് മുട്ടിത്തടി ശക്തീദേവി ക്ഷേത്രം റോഡ് പ്രവൃത്തിയുടെ ഫയൽ പ്രകാരം ആകെ നീളം 416 മീറ്ററാണ്. എന്നാൽ അസ്തി രജിസ്റ്റർ പേജ് 49 പ്രകാരം 200 മീറ്റർ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

6. പരിശോധിച്ച എല്ലാ പ്രവൃത്തികളിലും മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് വികസനസ്റ്റാന്റിംഗ് കമ്മിറ്റിയിൽ എന്തെങ്കിലും ചർച്ച നടന്നതായി രേഖയില്ല.

<u>പൊതു അപാകതകൾ</u>

1. സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്ററിൽ വർഷാന്ത്യസംഗ്രഹം എഴുതി വരുന്നില്ല. പെൻഡിംഗ് ഡെപ്പോസിറ്റുകളുടെ വിവരം ചേർക്കുന്നില്ല.

2. അസിസ്റ്റന്റ് എഞ്ചിനീയർ ഉപയോഗിക്കുന്ന ക്യാഷ്ബുക്ക് നിലവിൽ 7A പ്രകാരമുള്ളതല്ല.

3.ടെൻഡർ ഫോറത്തിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ഒപ്പു രേഖപ്പെടുത്തുന്നില്ല. റിമാർക്സുകൾ എഴുതുന്നില്ല.

4. സെലക്ഷൻ നോട്ടീസുകളിൽ പലതിലും തിയ്യതി രേഖപ്പെടുത്തുന്നില്ല.

5.ടെൻഡർ ഫോറത്തിന് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 <u>കുഴിച്ചെടുത്ത മണ്ണിന്റെ ഡിസ്പോസൽ രേഖപ്പെടുത്താത്തത്</u>

1.പ്രോജക്ട് നമ്പർ. 146/2018

ഫൈനൽ ബിൽ തുക . 639019

ബിൽ നമ്പർ.1126488 തി. 08/03/2018

എം ബുക്ക് നമ്പർ.67/17-18 page. 1,2,3,42

പ്രോജക്ടിന്റെ പേര്. ഞെള്ളൂർ ആമ്പല്ലൂർ പാടം റോഡ് റീടാറിംഗ് ആന്റ് ഡ്രയിൻ

ഈ പ്രവർത്തിയിലെ അപ്പന്റിക്സ് 2-1 ആയി 91.87 ഘ.മീറ്റർ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ഇതിന് 21400 രൂപ

ചെലവിട്ടിട്ടുണ്ട്. എന്നാൽ കുഴിച്ചെടുത്ത മണ്ണിന്റെ ഡിസ്പോസൽ റീടാറിംഗ് പ്രവൃത്തി ആയിട്ടു പോലും എവിടേയും രേഖപ്പെടുത്തിയിട്ടില്ല. മണ്ണ് ലേലം നടത്തിയതായും രേഖയില്ല.

2.പ്രോജക്റ്റ് നമ്പർ. 125/17-18

ഫൈനൽ ബിൽ തുക. ബിൽ നമ്പർ.1126483 Dt.08.03.2018 തുക. 490021/-

എം.ബുക്ക് നമ്പർ. 33/17-18

പേജ്.1,2,3,37

പ്രോജക്ടിന്റെ പേര്.പുല്ലൂത്തി കാവല്ലൂർ സ്കൂൾ അയ്യംകോട് റോഡ് കാന നിർമ്മാണം

ഈ പ്രവർത്തിയിലെ ഐറ്റം നമ്പർ 1 ആയി 61.7 ഘ.മീറ്റർ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ഘ.മീറ്ററിന് 233/- രൂപ നിരക്കിൽ 14393/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ കുഴിച്ചെടുത്ത മണ്ണിന്റെ ഡിസ്പോസൽ റീടാറിംഗ് പ്രവൃത്തി ആയിട്ടു പോലും എവിടെയും രേഖപ്പെടുത്തിയിട്ടില്ല. മണ്ണ് ലേലം നടത്തിയതായും രേഖയില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണങ്ങൾക്ക് അസി.എഞ്ചിനീയർ നൽകിയ മറുപടിയിൽ മണ്ണ് സൈറ്റിൽ തന്നെ ഉപയോഗിച്ചിട്ടുണ്ടെന്നും തിരക്കുമൂലം രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും അറിയിച്ചിരിക്കുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-4 ഗുണഭോക്തൃസമിതിക്ക് ടാക്സ് ഇളവ് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

പ്രോജക്റ്റ് നമ്പർ. 185/2018

പ്രോജക്ടിന്റെ പേര്. മുട്ടിത്തടി അങ്കണവാടി ചുറ്റുമതിൽ നിർമ്മാണം

ഫൈനൽ ബിൽ നമ്പർ/ചെക്ക് നമ്പർ. 6914301/24-03-2018

എഗ്രിമെന്റ് നമ്പർ.5/AE/LSGD/TKR/17-18 DT.31.10.2017

കൺവീനർ. ലൂസി സൈമൺ

ജി.ഒ.(പി) നം.30/2016/ഫിൻ/ 29-02-2016 പ്രകാരം കൺവീനർ നടത്തുന്ന പ്രവൃത്തികളിൽ കരാറുകാരന്റെ ലാഭം ഒഴിവാക്കേണ്ടതും ഓവർഹെഡ് ചാർജിനത്തിൽ 7.5 % എസ്റ്റിമേറ്റിൽ അധികമായി അനുവദിക്കാവുന്നതുമാണ്. മാത്രമല്ല നികുതികളെല്ലാം കൺവീനറുടെ പക്കൽ നിന്ന് ഈടാക്കുകയും വേണം. ഈ പ്രവൃത്തിയിൽ കരാറുകാരന്റെ ലാഭം ഉൾപ്പടെ 15% അധികം നൽകി എന്നതിനു പുറമേ കൺവീനർക്ക് നികുതി കൂട്ടി നൽകുകകയും ചെയ്തു. നിർമ്മാണതൊഴിലാളി വിഹിതമായി കൂട്ടി നൽകിയ 1899/- രൂപ കൺവീനറിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

## 3-5 സമയപരിധി കഴിഞ്ഞിട്ടും എഗ്രിമെന്റ് പുതുക്കിയില്ല. പിഴ ഈടാക്കിയില്ല.

പ്രോജക്റ്റ് നമ്പർ. 114/2017

പ്രോജക്റ്റ് നമ്പർ. 29/2018

എഗ്രീഡ് പി.എ.സി. 1769968

പ്രോജക്റ്റിന്റെ പേര്. ഗ്രാമപഞ്ചായത്ത് ഓഫീസ് വിപുലീകരണം

ഫൈനൽ ബിൽ നമ്പർ. 846882/29.12.2017

എഗ്രിമെന്റ് നമ്പർ.29/AE/LSGD/TXR/16-17 DT.13.03.2017

കരാറുകാരൻ. കെ.ആർ.നിക്സൻ.

എഗ്രിമെന്റ് പ്രകാരം ഈ പ്രവർത്തി പൂർത്തിയാക്കേണ്ടത് 11/09/2017 നാണ്. എന്നാൽ ഫൈനൽ ബിൽ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കപ്പെട്ടത് 12/2017 നാണ്. എഗ്രിമെന്റിലെ വ്യവസ്ഥ പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ പ്രവൃത്തി വൈകാനിടയായാൽ ആകെ സമയത്തിന്റെ അഞ്ചിലൊന്ന് സമയം നീട്ടി നൽകാമെന്നുണ്ട്. എന്നാൽ ഇവിടെ പ്രവൃത്തി വൈകിയതിന് കരാറുകാരൻ കാരണം ബോധിപ്പിച്ചതായി കാണുന്നു. എന്നാൽ ഇതിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടില്ല. സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പിട്ടതായും കാണുന്നില്ല. അനുവദിക്കാവുന്ന സമയപരിധി കഴിഞ്ഞിട്ടും കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കിയിട്ടില്ല. ഇത്തരം സന്ദർഭങ്ങളിൽ നിയമപരമായ നടപടികൾ എടുക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കേണ്ടതാണ്. 150000/- രൂപ തടസ്സപ്പെടുത്തുന്നു.

താഴെ ചേർക്കുന്ന രണ്ട് പ്രോജക്ടുകളിലായി ജില്ലാപഞ്ചായത്തിന് ഗ്രാമപഞ്ചായത്ത് വിഹിതം കൈമാറിയിട്ടുണ്ട്. എന്നാൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. സർട്ടിഫിക്കറ്റുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്റ്റിന്റെ പേര് | ബിൽ നമ്പർ /തിയ്യതി | തുക |
|---|---|---|---|---|
| 1 | 160/18 | ഭിന്നശേഷിക്കാർക്കുള്ള റിസോഴ്സ് സെന്ററിന് ഗ്രാമപഞ്ചായത്ത് വിഹിതം ജില്ലാപഞ്ചായത്തിന് കൈമാറൽ | 464235/18-09-2017 | 50000 |
| 2 | 158/18 | ഐ.എം.എ ബ്ലഡ് ബാങ്ക് ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ | 464233/18-09-2017 | 100000 |
| ആകെ | | | | 150000 |

## 3-7 വാട്ടർ കണക്ഷന് തുക നൽകി . യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല.190000 രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ. 104/18

വിവിധ അംഗൻ വാടികൾക്കും ബഡ്സ് സ്കൂളിലേക്കും വാട്ടർ കണക്ഷൻ.

ബിൽ നമ്പർ. 679261 തി. 14.11.2017 – 170000.

ബിൽ നമ്പർ . 934764 തി. 24.01.18 – 20000

അംഗൻ വാടികൾക്കും ബഡ്സ് സ്കൂളിനും വാട്ടർകണക്ഷൻ എന്ന പ്രോജക്ടിന്റെ ഭാഗമായി 190000 രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർ, വാട്ടർ അതോറിറ്റി, പി.എച്ച് .ഡിവിഷൻ, ഇരിഞ്ഞാലക്കുട എന്ന പേരിൽ നൽകിയിട്ടുണ്ട്. എന്നാൽ പണി പൂർത്തികരിച്ചുകൊണ്ടുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-8 സർട്ടിഫിക്കറ്റ് രൂപത്തിൽ ലഭിക്കുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റ് എവിടേയും രേഖപ്പെടുത്തുന്നില്ല.

പഞ്ചായത്തിൽ വിവിധ വാങ്ങലുകളുടെ ഭാഗമായി ലഭിക്കുന്ന സർട്ടിഫിക്കറ്റ് രൂപത്തിലുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റുകളുടെ വിവരങ്ങൾ എവിടേയും രേഖപ്പെടുത്തി വരുന്നില്ല. ഇത് സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ തിരിച്ചു കൊടുക്കേണ്ട അവസരത്തിലോ, കരാർ ലംഘനത്തിന്റെ ഭാഗമായി ഡെപ്പോസിറ്റ് കണ്ടുകെട്ടേണ്ടി വരുമ്പോഴോ ബുദ്ധിമുട്ടുകളുണ്ടാക്കാനിടയുണ്ട്. ആയതിനാൽ സെക്യൂരിറ്റി ഡെപ്പോസിറ്റിനായി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 3-9 പ്ലാസ്റ്റിക് ശേഖരണ കേന്ദ്രം ഉപയോഗപ്രദമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

വാർഡ് പതിനാലിൽ പഞ്ചായത്ത് ഓഫീസ് കോംപൗണ്ടിൽ പബ്ലിക് ടോയ്‌ലറ്റിനു മുകളിലായി പ്രോജക്ട് നമ്പർ 28/18 ആയി പ്ലാസ്റ്റിക് ശേഖരണ കേന്ദ്രം എന്ന പേരിൽ 214053/- രൂപ ചെലവിട്ട് ഒരു കെട്ടിടം പണിതിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ ഇതു വരെ പ്ലാസ്റ്റിക് ശേഖരണം ആരംഭിച്ചിട്ടില്ല. പ്ലാസ്റ്റിക് ശേഖരണം ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 3-10 പി.ഡബ്ല്യൂ.ഡി ഡെപ്പോസിറ്റ് തുക പി.ഡബ്ല്യൂ.ഡിക്ക് ലഭിച്ചിട്ടില്ല. സാങ്കേതിക തകരാർ പരിഹരിക്കാൻ നടപടിയെടുക്കേണ്ടതാണ്.

ബിൽ നമ്പർ. 1361615/28.03.2015

പ്രോജക്ട് നമ്പർ. 162/18

സാമൂഹ്യനീതി ഡയറക്ടറുടെ നം. ICDS.A7-3187/16 തി.14.08.2017 ഉത്തരവ് പ്രകാരം അങ്കണവാടി കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് യൂണിറ്റ് കോസ്റ്റിന്റെ 40% തുക പി.ഡബ്ള്യൂ.ഡി യിൽ ഡെപ്പോസിറ്റ് ചെയ്യാൻ ആവശ്യപ്പെട്ടതു പ്രകാരം 80000 രൂപ പി.ഡബ്ല്യൂ .ഡി ഡെപ്പോസിറ്റ് ശീർഷകത്തിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ സാങ്കേതിക തകരാറു മൂലം ഈ തുക ട്രഷറിയിൽ നിന്ന് നാളിതു വരെ പാസ്സായിട്ടില്ല. പഞ്ചായത്തിന്റെ കണക്കിൽ ചെലവായി രേഖപ്പെടുത്തുകയും ചെയ്തു. പി.ഡബ്ള്യൂ.ഡി ക്ക് പണം ലഭിക്കാത്തിടത്തോളം കാലം പണി നടക്കുകയോ, വിനിയോഗ സർട്ടിഫിക്കറ്റ് ലഭിക്കാനോ സാധ്യതയില്ല. ആയതിനാൽ പഞ്ചായത്തിന്റെ ഇടപെടലുണ്ടായി സാങ്കേതിക തകരാർ പരിഹരിക്കുന്നതിന് നടപടി എടുക്കേണ്ടതാണ്.

## 3-11 ഫെസ്റ്റിവൽ അഡ്വാൻസ് അവസാനഗഡു പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

2017-18 ലെ ബാലൻസ് ഷീറ്റ് പരിശോധിച്ചതിൽ 1000 രൂപ ഫെസ്റ്റിവൽ അഡ്വാൻസ് ബാലൻസുണ്ട്. നാളിതു വരെയും മേൽതുക പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല . അഡ്വാൻസ് 1000 രൂപ 18% പലിശ സഹിതം അഡ്വാൻസ് കൈപ്പറ്റിയ ആളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

# 3-12 ആയുർവേദ ആശുപത്രിയിലേയ്ക്ക് മരുന്നുകൾ വാങ്ങൽ പദ്ധതി-

പദ്ധതി നം. 57/2018

നിർവ്വഹണ ഉദ്യോഗസ്ഥൻ-ആയുർവേദമെഡിക്കൽ ഓഫീസർ

അടങ്കൽ 700000

ചെലവ് 700000

ബിൽ നം. 1/2017-18

2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ ആയുർവേദ ആശുപത്രിയിലേയ്ക്ക് മരുന്നുകൾ വാങ്ങൽ പദ്ധതിയിൽ അനുവദിച്ച 700000 രൂപയിൽ 550000 രൂപ ഔഷധി ഫാർമസ്യൂട്ടിക്കൽസിനും 150000 രൂപ ആയുർധാരയ്ക്കും നല്കിയിട്ടുണ്ട്. ഇതിൽ ഔഷധി ഫാർസ്യൂട്ടിക്കൽസിൽ നിന്നും 20876 രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനായി 4-6-18, 17-7-18, 2-8-18 എന്നീ തിയ്യതികളിൽ കത്ത് മുഖേനയും 20-6-18, 25-6-18, 6-9-18 എന്നീ തിയ്യതികളിൽ ഫോൺ മുഖേനയും ഔഷധി മാർക്കറ്റിംഗ് മാനേജരുമായി മരുന്നുകൾ ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും നാളിതുവരെയും മരുന്നുകൾ ലഭ്യമായിട്ടില്ല.

മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-13 ലോൺ രജിസ്റ്ററിൽ അധികമായി തുക രേഖപ്പെടുത്തി

1.2015-16 സാമ്പത്തിക വർഷത്തിലെ രാജീവ് ഗാന്ധി ഭവന നിർമ്മാണ പദ്ധതിയിൽ ഗുണഭോക്താവായിരുന്ന ശ്രീമതി സംഗീതക്ക് പണി പൂർത്തീകരിക്കാത്തതിനെത്തുടർന്ന് ബാക്കി നിൽക്കുന്ന തുക 124760 രൂപ നിലവിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി 11/01/2018 തിയ്യതിയിൽ പഞ്ചായത്ത് ലോൺ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. ഇതു പ്രകാരം 18824760 രൂപയാണ് ആകെ ലോൺ തുക. എന്നാൽ രജിസ്റ്റർ പ്രകാരം 18850000 രൂപയാണ് ലോൺതുകയായി കാണുന്നത്. ഈ വ്യതാസം വിശദീകരിക്കപ്പെടേണ്ടതാണ്.

2. ലോൺ രജിസ്റ്റർ പ്രകാരം ബാലൻസ് തുക 13201267 രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം ലോൺ ബാലൻസ് 13131267 രൂപയാണ്. ഈ വ്യത്യാസവും വിശദീകരിക്കപ്പെടേണ്ടതാണ്.

# 3-14 അങ്കണവാടിയ്ക്ക് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

പഞ്ചായത്തിലെ 40-ാം നമ്പർ അങ്കണവാടി വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 10-5-17, 1-2-17 തിയ്യതികളിലെ വനിതാക്ഷേമം വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ടി മുസ്ലീംപള്ളി അങ്കണവാടിയ്ക്ക് സ്ഥലവും കെട്ടിടവും വേണമെന്നും സ്ഥലം വാങ്ങുന്നതിനായി പ്രൊജക്ടോ പുറമ്പോക്ക് ഭൂമി കണ്ടെത്തുകയോ

ചെയ്യണമെന്ന വിഷയം ചർച്ച ചെയ്യുകയും ചെയ്തിരുന്നു. അങ്കണവാടിയ്ക്ക് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-15 കന്നുകുട്ടി പരിപാലന പദ്ധതി

വെറ്ററിനറി സർജ്ജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കന്നുകുട്ടി പരിപാലന പദ്ധതികളുടെ പരിശോധനയിൽ നിരീക്ഷിച്ച വസ്തുതകൾ ചുവടെ ചേർക്കുന്നു. മറുപടി ലഭ്യമാക്കേണ്ടതാണ്

A) പ്രോജക്ട് നമ്പർ – 128/18

അടങ്കൽ – 875000

ചെലവ് – 218750

B)പ്രോജക്ട് നമ്പർ -182/18

അടങ്കൽ - 800000

ചെലവ് – 400000

1. സ.ഉ (എം.എസ്) നമ്പർ /80 /17 തസ്വഭവ തിയതി 3.4.2017 പദ്ധതി മാർഗ്ഗരേഖയിലെ മാനദണ്ഡങ്ങൾ പാലിച്ചോ എന്ന് പരിശോധിക്കാനാവശ്യമായ താഴെ പ്പറയുന്ന രേഖ ലഭ്യമാക്കേണ്ടതാണ്.

മൃഗാശുപത്രിയിൽ നിലവിലുള്ള കന്നുകുട്ടി ജനന രജിസ്റ്ററിൽ പേര് ഉൾപ്പെടുത്തിയിട്ടുള്ള കന്നുകുട്ടികളെ ഉൾപ്പെടുത്തി ഗ്രാമസഭയുടെ അംഗീകാരത്തോടെ നടപ്പാക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

2. തീറ്റ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ മോഹനൻ, തൈപ്പറമ്പിൽ എന്ന ഗുണഭോക്താവിനെ ക്യാൻസൽ ചെയ്തതായി കാണുന്നു. ടിയാളുടെ പശുക്കുട്ടി മരിച്ചതിനെ തുടർന്നാണ് ക്യാൻസൽ ചെയ്തതെന്ന് ഓഡിറ്റ് എൻക്വയറിക്ക് വെറ്ററിനറി സർജൻ മറുപടി നല്കിയിട്ടുണ്ട്. ടിയാന് നൽകിയ സബ്സിഡി തുക എസ്.എൽ.ബി.പിയിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ഈയിനത്തിൽ ചെലവഴിച്ച 6,18,750/- രൂപ തടസ്സപ്പെടുത്തുന്നു. ബാക്കി തുക തിരികെ കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതുമാണ്.

പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് വിനിയോഗസാക്ഷ്യപത്രം വാങ്ങി ഓഡിറ്റിന് ഹാജരാക്കേണ്ടതും ചെലവഴിക്കാത്ത തുക തിരികെ കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതുമാണ്

# 3-16 ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ - പദ്ധതി

പദ്ധതി നം. 170/2018

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി.

അടങ്കൽ 200000

ചെലവ് 200000

ബിൽ നം. 39/2017-18

2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ പദ്ധതിയിൽ മരുന്ന് വാങ്ങുന്നതിനായി 39/31-1-2018 ബിൽ പ്രകാരം മാറിയ 200000 രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസ് ലിമിറ്റഡിന് നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുക

തടസ്സപ്പെടുത്തുന്നു.

## 3-17 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്

പ്രോജക്ട് നമ്പർ- SO 83/18

നിർവ്വഹണ ഉദ്യോഗസ്ഥ- ഐ സി ഡി എസ് സൂപ്പർവൈസർ

ബ്ലോക്ക്പഞ്ചായത്ത് വിഹിതം-500000 രൂപ

ജില്ലാപഞ്ചായത്ത് വിഹിതം-250000 രൂപ

ഗ്രാമ പഞ്ചായത്ത് വിഹിതം-275000 രൂപ

പഞ്ചായത്തീരാജ് /നഗരപാലികാ സ്ഥാപനങ്ങൾ സബ്സിഡിയും അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ (എം.എസ് ) നമ്പർ 80/2017തസ്വഭവ തീയതി 3.4.17 പ്രകാരം മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് താഴെപ്പറയുന്ന പ്രകാരമാണ്.

| ക്രമ നം. | ഇനം | സ്കോളർഷിപ്പ് തുക |
|---|---|---|
| 1 | സ്കോളർഷിപ്പ് പ്രതിമാസം1000രൂപ വീതം | 12000 |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത(വാർഷികം) | 1500 |
| 3 | പഠനസഹായികൾക്ക്/വിദ്യാഭ്യാസ സാമഗ്രികൾക്ക് ബത്ത(വാർഷികം) | 2000 |
| 4 | ഡേസ്കോളർക്ക് യാത്രാബത്ത (പ്രതിമാസം) | 12000 |
| 5 | ഉല്ലാസയാത്രാ ചെലവുകൾ, പഠനപര്യടനം മുതലായവയ്ക്ക് -രക്ഷിതാക്കളിൽ ഒരാൾക്ക് ഉൾപ്പെടെ | 1000 |
| ആകെ | | 28500 |

പഞ്ചായത്തിലെ 56 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരിൽ 34 പേർ മാനസിക വെല്ലുവിളി നേരിടുന്നവരാണ്. ഇവർക്ക് നൽകിയിരിക്കുന്ന പരമാവധി തുക 16250 രൂപയാണ്. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പ്രോജക്ട് നടപ്പാക്കുമ്പോൾ പരമാവധി തുക ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-18 വീട് വാസയോഗ്യമാക്കൽ പദ്ധതി

പദ്ധതി നം. 134/2018

നിർവ്വഹണ ഉദ്യോഗസ്ഥൻ വി ഇ ഒ, തൃക്കൂർ സർക്കിൾ

അടങ്കൽ 1900000

ചെലവ് 1820000

2017-18 സാമ്പത്തിക വർഷം നടപ്പിലാക്കിയ വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ (എസ്.സി) പദ്ധതിയിൽ താഴെ പറയുന്നവർ പണി പൂർത്തീകരിച്ചതായി കാണുന്നില്ല.

| ക്രമ നം. | പേര് | നല്കിയ തുക |
|---|---|---|
| 1 | ഗീത കല്ലത്തുപറമ്പിൽ | 15000 |
| 2 | ചന്ദ്രൻ മാരിയേക്കൽ | 40000 |
| 3 | കാളികുട്ടി തിരുത്തിക്കുളങ്ങര | 40000 |
| 4 | ശാന്ത കോമരത്ത് | 25000 |

തുടർ നടപടികൾ സ്വീകരിച്ച് ഇവരുടെ വീട് പണി പൂർത്തീകരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-19 ആശ്രയപദ്ധതി - അവലോകനം

| ക്രമ നം. | ഇനം | 1stപ്രോജക്ട് | 11nd പ്രോജക്ട് |
|---|---|---|---|
| 1 | ആശ്രയപദ്ധതി സർവ്വേ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ആശ്രയ കുടുംബങ്ങൾ | 133 | 61 |
| 2 | പദ്ധതി പ്രകാരം ആകെ ഗുണഭോക്താക്കൾ | 133 | 61 |
| 3 | പദ്ധതി പ്രകാരം വീട്ടു വയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 44 | 1 |
| 4 | നാളിതുവരെ ലഭിച്ചവർ | 12 | 0 |
| 5 | പദ്ധതി പ്രകാരം വീട് ആവശ്യമുള്ളവർ | 79 | 6 |
| 6 | നാളിതു വരെ ലഭിച്ചവർ | 8 | 2 |
| 7 | പദ്ധതി പ്രകാരം വീട് റിപ്പയർ ആവശ്യമുള്ളവർ | 40 | 4 |
| 8 | നാളിതുവരെ ലഭിച്ചവർ | 24 | 1 |
| 9 | പദ്ധതി പ്രകാരം കക്കൂസ് ആവശ്യമുള്ളവർ | 8 | 1 |
| 10 | നാളിതുവരെ ലഭിച്ചവർ | 0 | 0 |
| 11 | പദ്ധതി പ്രകാരം കുടിവെള്ള സൗകര്യം ആവശ്യമുള്ളവർ | 1 | 2 |

| | | | |
|---|---|---|---|
| 12 | നാളിതുവരെ ലഭിച്ചവർ | 1 | 0 |
| 13 | പദ്ധതി പ്രകാരം വീട് വൈദ്യുതീകരണം ആവശ്യമുള്ളവർ | 3 | 0 |
| 14 | നാളിതുവരെ ലഭിച്ചവർ | 1 | 0 |
| 15 | ഗ്രാമപഞ്ചായത്ത് പരിധിയിൽ ആശ്രയപദ്ധതി പ്രകാരം ഭക്ഷണം ,മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായം നൽകുന്ന കുടുംബങ്ങൾ/വ്യക്തികൾ | 133 | 61 |
| 16 | ഗ്രാമപഞ്ചായത്ത് പരിധിയിൽ ആശ്രയപദ്ധതി പ്രകാരം ചലഞ്ച് ഫണ്ട് ഉപയോഗപ്പെടുത്തി ഭക്ഷണം ,മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായം നൽകുന്ന കുടുംബങ്ങൾ/വ്യക്തികൾ | 133 | 61 |
| 17 | ആശ്രയപദ്ധതി പ്രകാരം നാളിതുവരെ വരവ് | 2937169 | 1207506 |
| 18 | ആശ്രയപദ്ധതി പ്രകാരം ചെലവ് | 2619922 | 499295 |
| 19 | നീക്കിയിരിപ്പ് | 24688 | 732899 |
| 20 | ചെലവ് ശതമാനം | 89.19% | 41.35% |

ആശ്രയ പദ്ധതികൾക്ക് വേണ്ടി വകയിരുത്തിയ പണം യഥാസമയം ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-20 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -അവലോകനം

| | |
|---|---|
| 2017-18 വർഷത്തെ മൊത്തം അടങ്കൽ | 71387200 |
| 2017-18 വർഷത്തെ വർഷത്തെ മുൻബാക്കി | 22463 |
| 2017-18 വർഷത്തെ ആകെ വരവ് | 29089924 |
| 2017-18 വർഷത്തെ ആകെ ചെലവ് | 29089588 |

| | | | |
|---|---|---|---|
| 2017-18 വർഷത്തെ വർഷാന്ത്യ നീക്കിയിരിപ്പ് | 22799 | | |
| 2017-18 വർഷത്തിൽ വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | ആരംഭിച്ച പദ്ധതികളുടെ എണ്ണം | പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | സ്പിൽ ഓവർ പദ്ധതികളുടെ എണ്ണം |
| | 315 | 224 | 91 |
| 2017-18 വർഷത്തിൽ പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 224 | | |
| മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം | 3872 | | |
| 2017-18 വർഷത്തിൽ സൃഷ്ടിച്ച തൊഴിൽദിനങ്ങൾ | 83999 | | |
| പട്ടികജാതി | 9735 | | |
| പട്ടികവർഗ്ഗം | 355 | | |
| മറ്റുള്ളവർ | 73909 | | |
| ആകെ | 83999 | | |
| സ്ത്രീകൾ | 78295 | | |
| പുരുഷന്മാർ | 5704 | | |
| 2017-18 വർഷത്തിൽ 100തൊഴിൽദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം | 384 | | |
| മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2017-18 വർഷത്തിൽ തൊഴിൽരഹിത വേതനം വിതരണം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം | ബാധകമല്ല | | |
| മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2017-18 വർഷത്തിൽ വിതരണം ചെയ്ത വേതനം | 22399381 | | |

പദ്ധതികൾ സംബന്ധിച്ച വിശദാംശം

| പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| മണ്ണ് ജല സംരക്ഷണം | | |
| വനവത്ക്കരണം | 5 | 181896 |
| ചെറുകിട ജലസേചന പദ്ധതികൾ | 8 | 1325460 |
| ദുർബല ജനവിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ | 199 | 14881666 |
| പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | | |
| ഗ്രാമീണ ശുചിത്വവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ | 65 | 451024 |
| ഭൂവികസനപ്രവർത്തനങ്ങൾ | 30 | 9067540 |

| | ആരംഭിച്ച പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| well | 86 | 3123000 |
| IHHL | 65 | 451024 |
| FARM POND | 6 | 700757 |
| Compost pit | 42 | 60372 |
| Road concrete | | |
| Drain | 0 | 0 |

# 3-21 മൃഗസംരക്ഷണം

മൃഗസംരക്ഷണവും ക്ഷീരവികസനവും വർക്കിംങ് ഗ്രൂപ്പ് മിനിറ്റ്സ് രേഖപ്പെടുത്തൽ പൂർണമാക്കി കാലികമായി സൂക്ഷിച്ചിട്ടില്ല. 15.7.17, 1.2.18, 9.3.18, 15.3.18 തിയതികളിൽ യോഗം ചേർന്നിട്ടുണ്ടെങ്കിലും 7/17, 3/18 മാസങ്ങളിൽ തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളിൽ കന്നുകുട്ടി പരിപാലനം, പശു വളർത്തൽ പദ്ധതി, കാലിത്തീറ്റ സബ്സിഡിക്ക് കൂടുതൽ തുക അനുവദിക്കുക, മൃഗാശുപത്രിയിലേക്ക് മരുന്നുവാങ്ങൽ എന്നിവ പദ്ധതികളായി നടപ്പാക്കിയിട്ടുണ്ട്. പേവിഷ നിർമ്മാർജ്ജനപദ്ധതി ഐ.സി.ഡി.പി. സബ്സെന്റർ മുട്ടിത്തടിയിലെ ഇലക്ട്രിഫിക്കേഷൻ എന്നിവ പദ്ധതികളാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി മാറണമെന്ന് മാർഗ്ഗരേഖാ നിർദ്ദേശം പാലിച്ചിട്ടില്ല.

# 3-22 കൃഷി

വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിലുള്ള വരുന്ന കൃഷി, ചെറുകിട ജലസേചനം മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം, പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് തുടങ്ങിയ വിഷയങ്ങൾ പരിശോധനവിധേയമാക്കിയതിൽ നിരീക്ഷിച്ച വസ്തുതകൾ ചുവടെ ചേർക്കുന്നു.

1 . കേരള പഞ്ചായത്ത് രാജ് ആക്ട് ചട്ടം 163 പ്രകാരം കൃഷി വർക്കിംഗ് ഗ്രൂപ്പ് പഞ്ചായത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്. 2017-18 കാലയളവിൽ 4 തവണ യോഗം ചേർന്നു. വിവിധ പദ്ധതികൾക്കായുള്ള ശുപാർശകൾ മിനിറ്റ്സിൽ രേഖപ്പെടുത്തികാണുന്നു. എന്നാൽ ഓരോ പ്രോജക്റ്റിന്റേയും യുക്തി, ക്ഷമത, പ്രായോഗികത, നിയമസാധുത, വിജയസാധ്യത എന്നിവ കൃഷി വർക്കിംഗ് ഗ്രൂപ്പ് ചർച്ചചെയ്തിട്ടില്ല.

2. വർക്കിംഗ് ഗ്രൂപ്പ് ശുപാർശകളിൽ നെൽകൃഷി വികസനം, തെങ്ങ്കൃഷി വികസനം, വാഴകൃഷി വികസനം, പച്ചക്കറി വികസനം, ഫലവൃക്ഷ തൈകൾ വിതരണം എന്നിവ പദ്ധതികളായി രൂപപ്പെടുത്തി നിർവ്വഹണം നടത്തി. തരിശു നെൽകൃഷിക്ക് കൂടുതൽ ആനുകൂല്യം നൽകുക ബയോഗ്യാസ് പദ്ധതി കഴിയുന്നത്ര വീടുകളിൽ നടപ്പാക്കുക, മത്സ്യകൃഷിക്ക് പദ്ധതി നടപ്പാക്കുക, ഔഷധ സസ്യകൃഷി, കദളി വാഴകൃഷി, എള്ള്, മുതിര, ഉഴുന്ന് എന്നിവയുടെ കൃഷി, കുരുമുളക്, കവുങ്ങ് കൃഷികൾക്ക് ജൈവവളം തുടങ്ങിയ ശുപാർശകൾ പദ്ധതികളായി രൂപപ്പെടുത്തിയിട്ടില്ല.

3. 2017 -18 വർഷത്തിൽ 5 പദ്ധതികൾക്കാണ് ഡി പി സി അംഗീകാരം ലഭിച്ചത്. മൊത്തം 3287783 രൂപ വകയിരുത്തിയെങ്കിലും 2437504 രൂപയാണ് ചെലവാക്കാനായത്-74%മാത്രം.

4. കൃഷിയുമായി ബന്ധപ്പെട്ട പ്രധാന മേഖലചുമതലയാണ് തരിശുഭൂമികളും, പ്രാന്തപ്രദേശങ്ങളും കൃഷിചെയ്യിപ്പിക്കുക എന്നത്. സ്റ്റാറ്റസ് റിപ്പോർട്ടനുസരിച്ച് ഏകദേശം 20 ഹെക്ടർ കൃഷിയോഗ്യമായ തരിശുഭൂമി പഞ്ചായത്തിലുണ്ട്. എന്നാൽ തരിശുഭൂമിയിൽ കൃഷി നടപ്പാക്കുക എന്ന പദ്ധതിയ്ക്കായി വർക്കിംഗ് ഗ്രൂപ്പ് ശുപാർശ ഉണ്ടായിരുന്നെങ്കിലും പദ്ധതി നടപ്പാക്കിയിട്ടില്ല.(തരിശുഭൂമിയില് നെൽകൃഷി എന്ന പേരിൽ പദ്ധതി നടപ്പാക്കിയിട്ടില്ലെങ്കിലും നെൽകൃഷി വികസനം എന്ന പ്രോജക്ട് പ്രകാരം തരിശുഭൂമിയിൽ ഹെക്ടർ നെൽകൃഷിയും ഹെക്ടർ കരനെൽകൃഷിയും ചെയ്തതായി കൃഷി ഓഫീസർ റിപ്പോർട്ട് തന്നിട്ടുണ്ട്)

5. ചെറുകിട ജലസേചനപദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് അനുസരിച്ച്,1 സർക്കാർ കനാൽ, 1പുഴ, 16കുളങ്ങൾ, 26 തോടുകളും 14 നീർച്ചാലുകളും 1 ചിറയും പഞ്ചായത്തുപ്രദേശത്തുണ്ട്. കാലവർഷസമയത്ത് പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും വെള്ളക്കെട്ടും, വേനൽക്കാലത്ത് വരൾച്ചയും അനുഭവപ്പെടുന്നുണ്ട്. തരിശുഭൂമികൾ കൃഷിചെയ്യുന്നതിലേക്ക് നിലവിലുള്ള ജലസ്രോതസുകൾ സംരക്ഷിച്ച് ജല സേചനസൗകര്യം സൃഷ്ടിക്കാവുന്നതാണ്. കാർഷിക അനുബന്ധ മേഖലയിലെ പ്രോജക്ടുകൾക്ക് സംയോജിത നീർത്തട പരിപാലന സമീപനം ഉണ്ടായിരിക്കേണ്ടതാണ്

6.കാർഷിക മേഖലയിൽ മണ്ണ് ,ജലസംരക്ഷണം , പരിസ്ഥിതി സംരക്ഷണം ,നീർത്തട പരിപാലനം ,വനവത്കരണം എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

7.ഭക്ഷ്യവിളകളുടെ വിളവിസ്തൃതിയും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുവാൻ അനുയോജ്യമായ പ്രോജക്ടുകൾക്കും ജൈവകൃഷിയും ജൈവവളങ്ങളുടെയും ജൈവകീടനാശിനികളുടേയും ഉത്പാദനവും ഉപയോഗവും പ്രോത്സാഹിപ്പിക്കുന്ന പ്രോജക്ടുകൾക്കും പ്രാധാന്യം നൽകണം.

8.കാർഷികപദ്ധതികൾ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുമായി പരമാവധി സംയോജിപ്പിച്ച് നടപ്പാക്കുന്നതിനുള്ള സാധ്യത ഉപയോഗപ്പെടുത്തേണ്ടതാണ്.

9. പദ്ധതി അംഗീകരിച്ചതിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് നടപ്പിലാക്കുന്ന പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. പദ്ധതി ഫയലിനൊപ്പം മോണിറ്ററിംഗ് /കംപ്ലീഷൻ റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.

## 3-23 കാർഷിക മേഖല -അവലോകനം

തൃക്കൂർ ഗ്രാമപഞ്ചായത്തിൽ 2013-14 മുതൽ 2017-18 വരെ നടപ്പാക്കിയ പ്രധാനപ്പെട്ട വിളകളുടെ ഏരിയ, ഉത്പാദനം എന്നിവ സംബന്ധിച്ച ഒരു അവലോകനം ചുവടെ കൊടുക്കുന്നു.

| ഇനം | 2013 | 2014 | 2014 | 2015 | 2015 | 2016 | 2016 | 2017 | 2017 | 2018 |
|---|---|---|---|---|---|---|---|---|---|---|
| വിള | ഏരിയ (ഹെക്ടർ) | ഉല്പാദനം (മെട്രിക് ടൺ) | ഏരിയ (ഹെക്ടർ) | ഉല്പാദനം (മെട്രിക് ടൺ) | ഏരിയ (ഹെക്ടർ) | ഉല്പാദനം (മെട്രിക് ടൺ) | ഏരിയ (ഹെക്ടർ) | ഉല്പാദനം (മെട്രിക് ടൺ) | ഏരിയ (ഹെക്ടർ) | ഉല്പാദനം (മെട്രിക് ടൺ) |
| നെല്ല് | 20 | 50 | 20 | 55 | 20 | 70 | 22 | 88 | 24 | 108 |
| തെങ്ങ് | 650 | 45 | 650 | 5.5 | 6.5 | 6 | 650 | 64 | 175 | 7 |
| വാഴ | 125 | 2500 | 150 | 3750 | 160 | 4000 | 175 | 4375 | 200 | 6000 |
| പച്ചക്കറി | 25 | 1250 | 30 | 1350 | 35 | 1600 | 40 | 200 | 45 | 2250 |
| പയറു വർഗ്ഗങ്ങൾ | 50 | 750 | 90 | 875 | 90 | 900 | 95 | 950 | 100 | 1000 |
| റബ്ബർ | 500 | 750 | 525 | 800 | 550 | 825 | 575 | 875 | 600 | 900 |

## 3-24 സ്ട്രീറ്റ് മെയിൻ വലിക്കലും പോസ്റ്റ് മാറ്റി സ്ഥാപിക്കലും (SO 089/18) KSEB -യിൽനിന്നും കൈപ്പറ്റ് രശീതി, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭിച്ചിട്ടില്ല.

മേൽ പദ്ധതിക്കായി 8,94,623 രൂപ ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം./ചെക്ക് നം | തുക | KSEB Section |
|---|---|---|---|
| 1 | 14/26.10.17 | 3,11,841 | പുതുക്കാട് |
| 2 | 29/24.01.18 | 82,782 | പുത്തൂർ |
| 3 | 2261322/30.12.17 | 54,529 | പുതുക്കാട് |
| 4 | 2261323/08.02.18 | 33,029 | പുതുക്കാട് |
| 5 | 2261325/27.02.18 | 24,537 | പുതുക്കാട് |
| 6 | 2261326/27.02.18 | 78,162 | മരത്താക്കര |
| 7 | 21701008/29.03.18 | 2,40,636 | പുത്തൂർ |
| 8 | 2261332/28.03.18 | 67,202 | മരത്താക്കര |
| 9 | 2261334/31.03.18 | 1,905 | പുതുക്കാട് |
| | | 8,94,623 | |

ഇതിൽ ക്രമ നം.6, 7 എന്നീ തുകകൾക്ക് മാത്രമാണ് രശീതി ലഭിച്ചിട്ടുള്ളത്. കൂടാതെ കെ.എസ്.ഇ.ബി. യിൽനിന്നും വിനിയോഗ സർട്ടിഫിക്കറ്റും ലഭിക്കേണ്ടതുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതുവരെ 8,94,623/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-25 കേരളോത്സവം (so 052/18)- മാർഗ്ഗരേഖക്കുവിരുദ്ധമായ ചെലവ്..

ട്രഷറി ബിൽ നം. – 33/25.01.18

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനം 50,000 അടങ്കൽതുകയുമുള്ള ഈ പദ്ധതിക്ക് അത്രയും തുക തന്നെ ചെലവുവന്നിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തെ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിലെ (80/2017) ഖണ്ഡിക നം.7.6 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സ്കൂൾ യൂണിഫോം, സ്പോർട്സ് ജേഴ്സി ഒഴികെയുള്ള വസ്തുക്കൾ, യൂണിഫോമുകൾ, പുസ്തകങ്ങൾ എന്നിവയ്ക്ക് നിയന്ത്രണമുണ്ട്. എന്നാൽ AIM Sports Wear, Mupliyam എന്ന സ്ഥാപനത്തിൽനിന്നും ഒരു ജേഴ്സിക്ക് 150 രൂപ നിരക്കിൽ 80 ജേഴ്സികൾ വാങ്ങിയതിന് 12,000 രൂപ നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ വിശദീകരണമെന്തെങ്കിലുമുണ്ടെങ്കിൽ നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.13) തൃപ്തികരമായ മറുപടി ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 12,000 രൂപ തടസ്സപ്പെടുത്തുന്നു.

## **3-26** അപ്രോച്ച്റോഡിന് സ്ഥലം വാങ്ങൽ - സർക്കാർ അനുമതിയുടെ അഭാവം

അടങ്കൽ 10,00,000(തനത് ഫണ്ട്)

ചെലവ് 8,71,651

ചെക്ക് നം.402722/27.01.18 Rs. 79,240

ചെക്ക് നം.1841742/27.02.18 Rs.7,92,411

'*പുലക്കാട്ടുകര ഷട്ടർപാലം അപ്രോച്ച് റോഡിന് സ്ഥലം വാങ്ങൽ*' എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങളിൽ വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.23)നൽകിയതിന് മറുപടി ലഭിച്ചിട്ടുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട് ഫയൽ നം.7648/2016 ൽ സെക്രട്ടറി 04.11.2016-ന് കുറിപ്പുകൾ എഴുതിയതല്ലാതെ മറ്റൊരു രേഖപ്പെടുത്തലും നോട്ട് ഫയലിൽ കാണുന്നില്ല. അതുകൊണ്ടുതന്നെ ഫയൽ ശരിയായ രീതിയിലല്ല കൈകാര്യം ചെയ്തിരിക്കുന്നത്.

30.12.2015-ലെ 1962/2015/PWDനം.സർക്കാർ ഉത്തരവ് പ്രകാരം തൃക്കൂർ-നെൻമണിക്കര ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിച്ചുകൊണ്ട് നിലവിൽ ഷട്ടർ നിൽക്കുന്ന സ്ഥലത്തിനടുത്തായി ഒരു പാലം അനുവദിച്ച് ഉത്തരവായതിനെതുടർന്ന് 31.10.2016-ലെ ix-ാംനം.പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം അപ്രോച്ച് റോഡിനാവശ്യമായ സ്ഥലം ഏറ്റെടുത്ത് സർക്കാരിന് നൽകാൻ ഗ്രാമപഞ്ചായത്ത് തയ്യാറാണെന്ന് അറിയിക്കുന്നതിനും ആവശ്യമായ ഭൂമി വിലക്ക് വാങ്ങുന്നതിനും ഇതിനായി 15 ലക്ഷം രൂപ തനത്ഫണ്ട് വകയിരുത്തി പ്രൊജക്ട് തയ്യാറാക്കുന്നതിന് സംസ്ഥാന പ്ലാൻ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിക്ക് അപേക്ഷിക്കുന്നതിന് ഏകകണ്ഠേന തീരുമാനിച്ചിട്ടുണ്ട്. എന്നാൽ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ലഭിച്ചതായി കാണുന്നില്ല.

പാലം നിർമ്മാണത്തിന്റെ തുടർനടപടികൾക്കായി സ്ഥലം ഏറ്റെടുത്ത് നൽകണമെന്ന് പൊതുമരാമത്ത് വകുപ്പ്(നിരത്ത് വിഭാഗം) എക്സി.എഞ്ചിനിയർ എ2-17/12/ഇഇ നം.കത്തുപ്രകാരം സെക്രട്ടറിയോട് ആവശ്യപ്പെട്ടത് 15.04.17-നാണ്. പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെടുന്നതിന് ഏകദേശം 5 മാസങ്ങൾക്കു മുമ്പുതന്നെ സ്ഥലം ഏറ്റെടുത്ത് തരാൻ തയ്യാറാണെന്ന് തീരുമാനമെടുക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ടതിന് സ്ഥലം എം.എൽ.എ. കൂടിയായ ബഹു.വിദ്യാഭ്യാസ മന്ത്രി ശ്രീ.സി.രവീന്ദ്രനാഥ് അവർകൾ വിളിച്ചുചേർത്ത നെൻമണിക്കര-തൃക്കൂർ ഗ്രാമ പഞ്ചായത്തുകളുടെ പ്രസിഡന്റുമാരുടെ യോഗത്തിൽ വെച്ച് അപ്രോച്ച് റോഡിന് പ്രസ്തുത പഞ്ചായത്തുകൾ ഭൂമി നൽകണമെന്ന് അറിയിച്ചിരുന്നതായി മറുപടി നൽകിയിട്ടുണ്ട്.

സ.ഉ.(എം.എസ്)നം.9/2008/തസ്വഭവ തീ.07.01.2008-ലെ ഖണ്ഡിക 6- ൽ നിഷ്കർഷിക്കുന്ന നടപടികൾ പാലിച്ച് ഭൂമി വാങ്ങുന്നതിന് കഴിയുന്നില്ലെങ്കിൽ ഭൂമി ആർജ്ജിക്കൽ നിയമപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് നടപടിസ്വീകരിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള സർക്കാർ നിർദ്ദേശം പാലിക്കാതെ സ്ഥലവിലയായ 26,40,000രൂപയിൽ തനത് ഫണ്ടിൽനിന്നും ചെലവഴിക്കുന്ന തുകയായ 8,71,651 രൂപ കുറവ് ചെയ്ത് ശേഷിക്കുന്ന തുക പൊതുജനങ്ങളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും സംഭാവനകൾ സ്വീകരിച്ച് സ്ഥലം വാങ്ങുന്നതിന് തീരുമാനിക്കുകയാണുണ്ടായത്. ഇതിന് സർക്കാരിന്റെ മുൻകൂർ അനുവാദം തേടിയതായി കാണുന്നില്ല.

ഇരിഞ്ഞാലക്കുട RDO-യുടെ 05.07.18-ലെ എ-3(ഡി3)7069/18 നം.ഉത്തരവു പ്രകാരം ഭൂമി വിട്ടൊഴിയൽ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. 2005-ലെ കേരള പഞ്ചായത്ത് രാജ്(വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി അതിന്റെ ഏതൊരു വസ്തുവും വിൽപ്പന മുഖാന്തിരമോ മറ്റുവിധത്തിലോ കയ്യൊഴിക്കാവുന്നതാണ്. എന്നാൽ ഇത്തരത്തിലുള്ള സർക്കാർ അനുമതി ലഭിച്ചതായി കാണുന്നില്ല.

കേരള പഞ്ചായത്ത് രാജ് നിയമം, ഭൂമി വാങ്ങലുമായി ബന്ധപ്പെട്ട് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ എന്നിവയിലൊന്നും തന്നെ പഞ്ചായത്ത് വാങ്ങിയ സ്ഥലം ഇത്തരത്തിൽ കൈയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട് നിയമനിഷ്കർഷകൾ ഉള്ളതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ സർക്കാരിന്റെ മുൻകൂർ അനുമതി ലഭിക്കാതെ വാങ്ങിയ സ്ഥലം റവന്യൂ വകുപ്പിന് കൈമാറിയതിന് വിശദീകരണം നൽകേണ്ടതാണ്.

28.02.2017-ലെ ബി6-2057/17 നം കത്തുപ്രകാരം താലൂക്ക് സർവ്വെയറുടെ കയ്യേറ്റ സ്കെച്ച് അഡീ.തഹസിൽദാർ ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ട്. പഞ്ചായത്ത് വിലക്ക് വാങ്ങിയ ഭൂമിയിൽ കയ്യേറ്റഭൂമിയൊന്നും തന്നെ ഉൾപ്പെടുന്നില്ല എന്നുറപ്പാക്കുന്നതിനുള്ള പരിശോധനകൾ നടത്തിയതിന് രേഖകൾ ഹാജരാക്കേണ്ടതാണ്.

സെക്രട്ടറിയുടെ 12.06.17, 17.01.18 എന്നീ തീയ്യതികളിലെ എ1-59/2017, നം. കത്തുപ്രകാരം ഭൂമിയുടെ അനുയോജ്യതാ സർട്ടിഫിക്കറ്റ് അനുവദിച്ച് തരുന്നതിന് പഞ്ചായത്ത് ഡെ.ഡയറക്ടറോട് അപേക്ഷിച്ചിട്ടുണ്ടെങ്കിലും ഫയൽ പരിശോധിച്ചതിൽനിന്നും പ്രസ്തുത സർട്ടിഫിക്കറ്റ് ലഭിച്ചതായി കാണുന്നില്ല.(എൻക്വയറിക്ക് മറുപടിയായി ഈ രേഖ പഞ്ചായത്ത് ഡെ.ഡയറക്ടറിൽനിന്നും ലഭിച്ചതായി അറിയിച്ചിട്ടുണ്ട്.)

ഈ സാഹചര്യത്തിൽ മേൽവിഷയത്തിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള തൃപ്തികരമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-27 സാന്ത്വന പരിചരണ പദ്ധതി-മരുന്നുകൾ ലഭ്യമായിട്ടില്ല.

പദ്ധതി നം. 148/2018

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, തൃക്കൂർ

അടങ്കൽ 700000

ചെലവ് 695283

2017-18 സാമ്പത്തിക വർഷം നടപ്പിലാക്കിയ സാന്ത്വന പരിചരണ പദ്ധതിയിൽ മരുന്ന് വാങ്ങുന്നതിനായി 7/18-12-2018 ബിൽ പ്രകാരം മാറിയ 367000 രൂപ കേരള മെഡിക്കൽ സർവ്വീസസ് ലിമിറ്റഡിന് നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 170000 | നെൽകൃഷിവികസനം | 170000 | ഇല്ല |
| | 2017-18 | 250000 | ശാരീരിക, മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 250000 | ഇല്ല |
| | 2017-18 | 240000 | ക്ഷീര കർഷക സബ്സിഡി | 240000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | പ്രാരംഭ ബാക്കി 2016-17 | 350000 | മണലി പുഴ ശുചീകരണം | 350000 | ഇല്ല |
| | 2017-18 | 275000 | ശാരീരിക മാനസിക വെല്ലുവിളി സ്കോളർഷിപ്പ് | 275000 | ഇല്ല |
| | 2017-18 | 500000 | സ്ട്രീറ്റ് മെയിൻ വലിക്കൽ | 500000 | ഇല്ല |
| | 2017-18 | 150000 | ക്ഷീര കർഷക സബ്സിഡി | 150000 | ഇല്ല |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയതിന്റെ വിവരങ്ങൾ. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തികരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KWA | അങ്കണവാടി കുടി വെള്ള | 41600137 | 83000 | - | - | 83000 |

| | | | | | | |
|---|---|---|---|---|---|---|
| | കണക്ഷൻ | | | | | |
| KSEB | സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ | - | 689531 | - | - | 689531 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| രാജീവ് ഗാന്ധി ഭവന പദ്ധതി* | സ.ഉ.(എം.എസ്) 83/13 തസ്വഭവ തി.11/03/13 | 1,88,50,000 | 1,35,51,267 | 20,00,000 | 15,23,991 | 1,31,31,267 |

*ഖണ്ഡിക കാണുക

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1980-81 | 5b,8c,8b | 41 | കെ.ശ്രീപതി.സെക്രട്ടറി | 117070104481 dt.03.11.17 |
| 1981-82 | 4a,4g | 20 | കെ.ശ്രീപതി.സെക്രട്ടറി | 117070104483 dt.03.11.17 |
| 1982-83 | 4b,4c,26,38 | 40 | കെ.ശിവശങ്കരൻനായർ, | 117070104484 |

| | | | | |
|---|---|---|---|---|
| | | | സെക്രട്ടറി | dt.03.11.17 |
| 1982-83 | 7 | 215 | കെ.ശിവശങ്കരൻനായർ, സെക്രട്ടറി | 117070104634 dt.03.11.17 |
| 1988-91 | 7a | 8 | എൻ.രാധ, സെക്രട്ടറി | 117070104485 dt.03.11.17 |
| 1991-92 | 8 | 15 | ടെസ്സി മാത്യൂസ് | 117070104486 dt.03.11.17 |

# 4-7 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1 | 2016-17 | I | വസ്തു നികുതി ഈടാക്കാത്തത് സംബന്ധിച്ച് | ന്യൂനതാ പരിഹാര പത്രിക സമർപ്പിച്ചിട്ടുണ്ട് |
| 2015-16 | 2-1 | 2016-17 | II | തൊഴിൽ നികുതി | ,, |

# 4-8 ചാർജ്ജ് - സർചാർജ്ജ് നടപടികളുടെ വിവരം

വിവരങ്ങൾ ലഭ്യമല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 68250273 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 81646063 |
| വരവിനങ്ങളിലുള്ള നഷ്ടം | 23822 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,899 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2065373 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-6 | 23822 | - | അന്ന പി പ്രഭു, അസിസ്റ്റന്റ് |

| | | | |
|---|---|---|---|
| | | | എഞ്ചിനീയർ |
| 3-4 | - | 1899 | അന്ന പി പ്രഭ, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 150000 | സി.ജി ജയകൃഷ്ണൻ, സെക്രട്ടറി |
| 3-7 | 190000 | സി.ജി ജയകൃഷ്ണൻ, സെക്രട്ടറി |
| 3-15 | 618750 | ഡോ.രഘു.സി.ബി, വെറ്ററിനറി സർജൻ |
| 3-16 | 200000 | ഡോ.അനീസ.വി.അലി, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-24 | 894623 | സി.ജി ജയകൃഷ്ണൻ, സെക്രട്ടറി |
| 3-25 | 12000 | സി.ജി ജയകൃഷ്ണൻ, സെക്രട്ടറി |
| ആകെ | 2065373 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അന്ന പി പ്രഭ അസിസ്റ്റന്റ് എഞ്ചിനീയർ | അസി.എഞ്ചിനീയർ | മൂർക്കനിക്കര, പുഞ്ചിരിപ്പാടം പി.ഒ കൊഴുക്കുള്ളി |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും |
|---|---|

| | |
|---|---|
| | പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
| 1981-82 | എൽ.എഫ്.ടി.എസ്.2-825/11 തീയതി 28.10.11/6.12.11 |
| 82-83 | എൽ.എഫ്.ടി.എസ്. 2-825/11 തീയതി 28.10.11/6.12.11 |
| 84-85 | എൽ.എഫ്.ടി.എസ്.2-825/11 തീയതി 28.10.11/6.12.11 |
| 86-87,87-88 | എൽ.എഫ്.ടി.എസ്.2-825/11 തീയതി 28.10.11/6.12.11 |
| 88-89,89-90,91-92 | എൽ.എഫ്.ടി.എസ്.2-825/11 തീയതി 28.10.11/6.12.11 |
| 91-92 | എൽ.എഫ്.ടി.എസ്.2-825/11 തീയതി 28.10.11/6.12.11 |
| 92-93,93-94 | എൽ.എഫ്.ടി.എസ്.2-825/11 തീയതി 28.10.11/6.12.11 |
| 94-95 | എൽ.എഫ്.ടി.എസ്.2-825/11 തീയതി 28.10.11/6.12.11 |
| 95-96 | എൽ.എഫ്.ടി.എസ്.2-825/11 തീയതി 28.10.11/6.12.11 |
| 96-97(ചെലവ്) | എൽ.എഫ്.ടി.11-893/99, തീയതി 19.4.99 |
| 96-97(ഫൈനൽ) | എൽ.എഫ്.ടി.11-154/06, തീയതി 31.5.06 |
| 97-98ചെലവ് | എൽ.എഫ്.ടി.893/99 തീയതി19.4.99 |
| 97-98ഫൈനൽ | എൽ.എഫ്. ടി.11-155/06, തീയതി 31.5.06 |
| 98-99ചെലവ് | എൽ.എഫ്.ടി11-662/00, തീയതി 1.9.00 |
| 98-99ഫൈനൽ | എൽ.എഫ്.ടി.11-1526/00, തീയതി 18.10.06 |
| 99-00,00-01,01-02പദ്ധതി ചെലവ് | എൽ.എഫ്.ടി.11-1069/03, തീയതി 26.9.03 |
| 99-00ഫൈനൽ | എൽ.എഫ്.ടി.11-1527/06, തീയതി 20.10.06 |
| 00-01 | എൽ.എഫ്.ടി.11-1683, തീയതി 4.10.08 |

| | |
|---|---|
| 01-02 | എൽ.എഫ്.ടി.11-2361/07, തീയതി 4.10.08 |
| 02-03 | എൽ.എഫ്.ടി.11-2370/07, തീയതി 4.10.08 |
| 03-04 | എൽ.എഫ്.ടി.11-1364/08, തീയതി 3.8.09 |
| 04-05 | എൽ.എഫ്.ടി.11-1365/08, തീയതി 3.8.09 |
| 05-06 | എൽ.എഫ്.ടി.11-1620/09, തീയതി 8.8.10 |
| 06-07 | എൽ.എഫ്.ടി.11-1621/09, തീയതി 18.8.10/31.1.11 |
| 07-08 | എൽ.എഫ്.ടി.(പി5)370/11, തീയതി 11.3.11 |
| 08-09 | എൽ .എഫ്.ടി.(പി5)371/11, തീയതി 15.3.11 |
| 09-10 | എൽ .എഫ്.ടി.(പി5)372/11, തീയതി 15.3.11 |
| 10-11 | എൽ .എഫ്. ടി.(പി4)710/12 തീയതി 18.9.12/2.3.13 |
| 11-12 | എൽ.എഫ്. ടി.(പി8) 1568/13 തീയതി 14.3.14/12.5.14 |
| 12-13 | എൽ. എഫ്.ടി.(പി8) 379/14, തിയതി 12.1.15 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ. (പി8) 560/15/20.8.15/ 12.10.15 |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ. (പി6) 1256/16/ 28.7.2016 |
| 15-16 | കെ .എസ്.എ.ടി. എസ്.ആർ.(പി6) 2058/16/ 22.11.16 |
| 16-17 | കെ.എസ്.എ.ടി.എസ്.ആർ. (പി6)1442/17 Dt.09.10.17 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ

## അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018-ലെ (സാധാ)1413/2018/ത.സ്വ.ഭ.വ., നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തൃക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തൃക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം 2

## വാർഷികധനകാര്യപത്രികയുടെ സംക്ഷിപ്തം

| | | |
|---|---|---|
| | സംക്ഷിപ്തം(AuditedAbstract) | പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട് |
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ